# ഞെടിയിൽ പടരാത്ത മുല്ല



നാടകം

ഇടശ്ശേരി ഗോവിന്ദൻനായർ

Njediyil Padaratha Mulla

ഞെടിയിൽ പടരാത്ത മുല്ല

Play in Malayalam

by Edasseri Govindan Nair

©Rights reserved.

# ഞെടിയിൽ പടരാത്ത മുല്ല

നാടകം

ഇടശ്ശേരി ഗോവിന്ദൻ നായർ

# ഞെടിയിൽ പടരാത്ത മുല്ല

**കഥാപാത്രങ്ങൾ**

| | |
|---|---|
| **മാധവൻ** | **വാലിയക്കാരൻ, 32 വയസ്സ്.** |
| **കാർത്ത്യായനി** | **വാലിയക്കാരത്തി, 26 വയസ്സ്** |
| **കല്യാണി അമ്മ** | **തറവാട്ടമ്മ. മരിച്ചുപോയ ഡോ: കരുണാകരമേനോന്റെ വിധവ. 45 വയസ്സ്.** |
| **ഗോപിനാഥമേനോൻ** | **ഡോക്ടറുടെ മകൻ, 23 വയസ്സ്.** |
| **ഉഷ** | **ഗോപിനാഥമേനോന്റെ ഭാര്യ.** |
| **ഗംഗാധരമേനോൻ** | **ഉഷയുടെ ജ്യേഷ്ഠൻ, 30 വയസ്സ്.** |

**രംഗം ഒന്ന്**

(മദിരാശിനഗരത്തിൽ ഒരു വീട്ടിൽ അടുക്കളയ്ക്കു തൊട്ട തളം. വലിപ്പില്ലാത്ത ഒരു വട്ടമേശയും സ്റ്റൂളും. വാലിയക്കാരൻ മാധവനിരുന്ന് എന്തോ കറി ക്കു നുറുക്കുന്നു. സമയം പ്രഭാതം. കാർത്ത്യായനി പ്രവേശിക്കുന്നു.)

കാർത്ത്യായനി: എന്നെപ്പോലൊരു വിഡ്ഢി ഉണ്ടാവ്വോ?

മാധവൻ: ഉണ്ടാവാൻ പ്രയാസം.

കാർത്ത്യായനി: കേൾക്കണോ?

മാധവൻ: കേട്ടളയാം.

കാർത്ത്യായനി: ആ വലിയ വെള്ളോട്ടു കിണ്ടീല് ഇന്നുംഞാൻ വെള്ളം കൊണ്ടുവെച്ചു. ഭ്രാന്തേമ്മ്ല്. മൂപ്പർക്ക് പല്ലുതേക്കാൻ! പെയ്സ്റ്റും ബ്രഷ്ഷും ഒക്കെ കൊണ്ടുവെച്ചു. എന്നിട്ട്, സൈഡ്റൂമിലല്ലേ, മൂപ്പരടെ ടവൽ തോരാനിടല്, അവിടെച്ചെന്ന് ടവലും മടക്കി കാത്തുനിന്നു.

മാധവൻ: ആ....ആ....കേൾക്കാറുണ്ടലോ, പല്ലുതേപ്പു കഴിഞ്ഞാൽ കാർത്ത്യായനീന്ന് മുക്ര ഇടല്, അതു കേൾക്കാൻ, അല്ലേ?

കാർത്ത്യായിനി: കൊറെ കഴിഞ്ഞപ്പൊഴാ എനിക്കോർമ്മ......

മാധവൻ: അതെ, അതെ. പരലോകത്തീന്നാണലോ വിളിക്കണ്ടത് എന്ന് !

കാർത്ത്യായനി: ഞാനങ്ങ് വല്ലാതെ ആയി. ആരൂണ്ടാവില്യാന്ന് വെച്ചിട്ട് ഭ്രാന്തേലെക്ക് കടന്നു ചെന്നപ്പോൾ ഉണ്ട് അമ്മ!

മാധവൻ: വലിയ കൊച്ചമ്മയോ?

കാർത്ത്യായനി: അതെ. പല്ലുംതേച്ച് എണീക്കുന്നു. എന്റെ കയ്യീന്ന് ടവല് വാങ്ങേണ്ട താമസം, ഞാനങ്ങട് പൊട്ടിക്കരഞ്ഞു!

മാധവൻ: അത് നന്നായി. മൂപ്പര് മരിച്ചദിവസം വേണ്ടതായിരുന്നു അത്. 16 ദിവസം ലെയ്റ്റായി!

കാർത്ത്യായനി: എന്നിട്ട് കേൾക്കണോ! പാവം കൊച്ചമ്മയും കരഞ്ഞു. എന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു!

മാധവൻ: ആവു; നടാടെയാണ് കൊച്ചമ്മ ഒരാള് കാണെ കരഞ്ഞത്. മറ്റത്, കുളിമുറീല് നിന്നിട്ട്, പൂജാമുറീല് അടച്ചിരുന്നിട്ട് ഇങ്ങനെ ഒക്കയേ മൂപ്പത്യാർക്ക് അതു വയ്ക്കു. ഒരു നേരവും ഇതൊന്നും കൂടാതേം കഴീല്യ. ഇപ്പോൾ ഒറക്കെ ഒന്നു കരയാൻ സ്വാതന്ത്ര്യം കിട്ടീലോ!

കാർത്ത്യായനി:  ഓ, അത്രയ്ക്കൊന്നും മൂപ്പരെക്കൊണ്ട് കൊച്ചമ്മയ്ക്ക് അലട്ടുണ്ടായിട്ടില്ല.

മാധവൻ: ഇല്ല. ആരുപറഞ്ഞു മൂപ്പരെക്കൊണ്ടെന്ന്!  കൊച്ചമ്മയും ഞാനും ഒപ്പമാണ് ഈ വീട്ടിൽ വന്നത്. ഇരുപത്തിമൂന്നു കൊല്ലായി.   ഇതിനിടയ്ക്ക്  ഈ പത്തുപതിനാറു  ദിവസമേ  ആയിട്ടുള്ളു, അവര് കരച്ചീല്  മാറ്റീട്ട്   എന്നാ  എന്റെ  അഭിപ്രായം.

കാർത്ത്യായനി:  എന്താ ഈ പറേണത്!  മനുഷ്യര് ഇങ്ങനേ ആയാൽ നന്നല്ല.  മരിച്ചവരെപ്പറ്റി ഒരു  നല്ല വാക്ക് പറയാനില്ലാതെ!

മാധവൻ:  പിന്നെ,  നീയെന്നെപ്പറ്റി  വിധി  എഴുതണ്ട.  നല്ലവാക്കാ  വേണ്ടത്?  കേട്ടോ?  ഡോക്ടർ കരുണാകരമേനോനെപ്പോലെ ഒരു നല്ല ഡോക്ടർ ഈ മദിരാശിയിൽ ഇരുന്നിട്ടില്ല! ഈശ്വരനെപ്പോലെ നല്ല മനഷ്യൻ!

കാർത്ത്യായനി: എന്നിട്ട് ആ നല്ല മനുഷ്യനെപ്പറ്റീട്ടല്ലേ ഇതുവരെ പറഞ്ഞിരുന്നത്!

മാധവൻ: അല്ല. ആ ഡോക്ടരെപ്പറ്റി രോഗികൾ പറഞ്ഞോട്ടെ. ഞാൻ എന്റെ യജമാനനെപ്പറ്റിയാ പറഞ്ഞത്. ഇത്ര ചീത്ത മനുഷ്യൻ ഇനി മദിരാശിയിലില്ല.

കാർത്ത്യായനി:  ഇതാണ്  ഇപ്പോ പൂരം.  നമ്മൾ പറഞ്ഞിരുന്നത്  രോഗികളുടെ കാര്യമല്ല. വാല്യേക്കാരന്റെ കാര്യോം അല്ല!

മാധവൻ:  അല്ല,  കൊച്ചമ്മയുടെ,  അതെനിക്കറിയില്ല.  ഒരു  സമയം  പെണ്ണ്  അങ്ങനെ  ആയിരിക്കാം. സ്നേഹിക്കാനൊട്ടു തോന്നണൂല്യ,  വെറുക്കാനുള്ള ധൈര്യോം ഇല്ലെങ്കില്  കണ്ണീരും കുടിച്ചങ്ങനെ കൂടുക!

കാർത്ത്യായനി: എനിക്ക് ഇന്നദ്ദേഹത്തെപ്പറ്റി, നല്ലതേ പറയാനുള്ളൂ, ആലോചിക്കാനുള്ളു.  മരിക്കണതുവരെ ഇശ്ശി ശപിച്ചിട്ട്ണ്ടെങ്കിലും.

മാധവൻ:  നോക്കണേ മനുഷ്യന്റെ മട്ട് !  ഇങ്ങോട്ട് ഉപകാരം വേണ്ട, ഉപദ്രവിക്കില്ലാന്ന് ഉറപ്പുണ്ടായാൽ മതി: അവരങ്ങട്ട് സ്നേഹിക്കാൻ തൊടങ്ങണം. കുറച്ചു കണ്ണീരും വേണേങ്കിൽ  ചിലവാക്കും.

കാർത്ത്യായനി: (അണിയറയിലേക്കു നോക്കി) അതാ കൊച്ചമ്മ വരുന്നു.

മാധവൻ: ഏതു കൊച്ചമ്മ?

കാർത്ത്യായനി: കൊച്ചെജമാനന്റെ കൊച്ചമ്മ.

മാധവൻ: ഓ, കാര്യം മറിച്ചാണ്. കൊച്ചമ്മടെ കൊച്ചെജമാനനാണ് ആയാള്.

(ഉഷ പ്രവേശിക്കുന്നു)

ഉഷ: (നീരസത്തോടെ) എന്താടോ പറേണത്?

മാധവൻ: നിങ്ങളിപ്പോൾ കേട്ടുവന്ന പോലെ, കൊച്ചെജമാനനെപ്പറ്റി.

ഉഷ: എന്താ അദ്ദേഹത്തെപ്പറ്റി വാലിയക്കാർക്ക്  പറയാനുള്ളത്?

മാധവൻ: എന്തായാലും അത്ര നല്ലതല്ല.

ഉഷ:  പിന്നെയ്, മാധവൻനായരെ, ഇത്  കൊറച്ച്  ഏറിപ്പോണു.  നിങ്ങളിവിടെ പഴയ  ആളാണെന്നുവെച്ച് ഞങ്ങൾ എന്തും സഹിക്കും എന്നു  വിചാരിക്കണ്ട.

മാധവൻ: വിചാരിച്ചിട്ടില്ലേ. അതുപോലെ ഉഷക്കൊച്ചമ്മയും ഗോപിനാഥക്കൊച്ചെജമാനനും വിചാരിക്കാൻ പാടില്ലാത്ത ചെലതുണ്ട്.

ഉഷ: എന്താ അത്?

മാധവൻ: മാധവൻ  ഇപ്പൊഴും 23 കൊല്ലംമുമ്പ്  ഈ  വീട്ടിൽ വന്നുകയറിയ ചെക്കനാണെന്ന്.

ഉഷ: എന്നുവെച്ചാൽ?

മാധവൻ: എന്നുവെച്ചാലോ? ചോറ് എല്ലിൽ കുത്താൻ തുടങ്ങീട്ട് 23 കൊല്ലം കഴിഞ്ഞൂന്ന്. എന്നിട്ട് ഇന്നലെയാണദ്ദേഹത്തിന്ന് എന്റെ മുഖത്തു  നോക്കി പറയാൻ തോന്നിയത്. ചോറ് എല്ലിൽക്കുത്താൻ തുടങ്ങിയെന്ന്. വളരെ  വളരെ  ലെയിറ്റായിട്ട് !

ഉഷ: അതിന്ന് ഇന്നാണോ വെളിച്ചപ്പാട്? അതും എന്റെ  മുമ്പില്.

മാധവൻ:  ഇന്നലെ വേണ്ടതായിരുന്നു. പക്ഷേ, പറഞ്ഞവനേയും  കേട്ടവനേയും പുലർത്തിയ ഒരാളുടെ പതിനാറടിയന്തരമല്ലേ ഇന്നലെ? ഞാനത് മറന്നില്ല! പിന്നെ നിങ്ങളാണ് അത് പറയിച്ചത്. ഇന്നലത്തെ ദിവസത്തിന്റെ മുഴുവൻ മല്ലും താങ്ങിയ ഒരുത്തൻ സന്ധ്യക്ക് നിങ്ങളുടെ ഏതോ സ്നേഹിതയ്ക്ക്

അകമ്പടി പോകാൻ കൂട്ടാക്കീലാന്നുള്ള കാരണത്തിന്ന്.

ഉഷ: ഓ, ഹോ, ന്യായസ്ഥൻതന്നെ.

മാധവൻ: അല്ലെങ്കിലും നിങ്ങടെ ഭർത്താവിനോട് ഞാൻ പകരം പറയില്യ. 23 കൊല്ലം ഒരു നരീടെ മുമ്പ്ല് നിന്നു വിറച്ചോനാ ഞാൻ. ഒരാട്ടിൻകുട്ടി 'മ്പേ'ന്നു പറേമ്പഴക്ക് എന്ത് പരിഭ്രമിക്കാനാ?

ഉഷ: (തിരിഞ്ഞ്) കാർത്ത്യായിനി, ഞാൻ ഇയാളടെ വെളിച്ചപ്പാട് കാണാനല്ല വന്നത്. നിനക്ക് സൗകര്യമുണ്ടോ ആ ഉടുപ്പുകൾ തേച്ചുവെക്കാൻ? അതും നിയ്യ് വല്ല മല്ലും താങ്ങി നിൽക്കാണെങ്കില്, വേണ്ട. എനിക്ക് പേടിയുണ്ട്. നിന്നോടും പറയാൻ. ഇന്നലത്തെ വിഴുപ്പുകളാണ് അതാ അവിടെ കെടക്കണത്. നീ തിരുമ്പണ്ട. വാലിയക്കാരുടെ തല്ലുകൊള്ളാതെ കഴിയണലോ. (ചുണ്ടു വിറച്ചുകൊണ്ട് കടന്നുപോകുന്നു.)

മാധവൻ: ഇനി ഒരുങ്ങാം. ഒരുസമയം ഇന്നുതന്നെ. ആയാൾ എന്നോട് 'കടന്നു പോടോ' എന്നു പറയണം. അതാണ് ഇവിടെനിന്ന് എനിക്കു കിട്ടണ്ട സർട്ടിഫിക്കറ്റ്. അല്ലാതെ, വല്യകൊച്ചമ്മയോട് എന്നെ ഒഴിവാക്കിതരൂ എന്നു പറയാൻ വിഷമമുണ്ട്.

കാർത്ത്യായനി: (ആലോചനാപൂർവ്വം) പോയിട്ട്?

മാധവൻ: പോയിട്ടോ? ഇന്നു കാലത്ത് ഇവിടെനിന്ന് റിലീവ് ചെയ്താൽ ഉച്ചക്ക് മാധവൻ വേറെ സ്ഥലത്ത് ജോയിൻ ചെയ്യും. അധികശമ്പളത്തോടുകൂടി!

കാർത്ത്യായനി: എനിക്കറിയില്ല. ഞാനാ ഉടുപ്പു തേച്ചുകൊടുക്കട്ടെ.

മാധവൻ: നില്ക്കവിടെ. ആരടെ ഉടുപ്പു തേക്കാൻ?ഞാൻ എറങ്ങുമ്പോൾ കൂടെ എറങ്ങാൻ ഒരുക്കണ്ടോ? അതോ...

കാർത്ത്യായനി: എന്തു മട്ടാണ് ഇത്?

മാധവൻ: പിടിച്ചില്ലേ? നീ ഒരുക്കമുണ്ടോ എന്ന്.

(കാർത്ത്യായനി കരയുന്നു)

മാധവൻ: പിഴച്ചു! ഇപ്പോൾ ഞാനാ ചോദിക്കണ്ടത്. എന്തുമട്ടാ, ഇതെന്ന്.

കാർത്ത്യായനി: പോവ്ണെങ്കിൽ പോവ്വാ. നല്ലവാക്കു പറഞ്ഞിട്ടു പോയ്ക്കൂടെ?

മാധവൻ: നല്ല വാക്ക് പറയാനുണ്ടെങ്കിൽ പിന്നെ പോണോ? ഞാനിവിടെ വന്നതിന്നുശേഷം പെറ്റതാണ് ഈയമ്മയുടെ ഭർത്താവിനെ. അയാൾക്ക് 22 വയസ്സിൽ കൊണ്ടുവന്നതാണ് ഈ എജമാനത്തിയെ. കൊല്ലം തികഞ്ഞിട്ടില്ല. എനിക്കെനി വയ്യ, ഒരിക്കൽക്കൂടി ഒരു ചെക്കനായി നിന്നിട്ട് ഇവറ്റങ്ങളെ പരിചരിക്കാൻ.

കാർത്ത്യായനി: എന്നെ അമ്മ ഇവിടെ കൊണ്ടുവന്നാക്കീട്ട് പതിമ്മൂന്നു കൊല്ലായി.

മാധവൻ: അതെ, എനിക്കോർമ്മയുണ്ട് പടിഞ്ഞാറേലെ പാറുഅമ്മയെ. വന്നേന്റെ മൂന്നാംദിവസം ആ തള്ള മരിച്ചു.

കാർത്ത്യായനി: ഈ പതിമൂന്നു കൊല്ലായി വലിയകൊച്ചമ്മ ചോറും തന്നു വളർത്തുന്നു. ഞാനൊരു പെണ്ണല്ലേ? ഇതൊന്നും ആലോചിക്കാതെ...

മാധവൻ: ശരി; പോരെങ്കിൽ വല്യകൊച്ചമ്മക്ക് ഇന്ന് നെന്നെ കെട്ടിപ്പിടിക്കാൻ മാത്രം സ്നേഹം തോന്നൂം ചെയ്തു. പിന്നെ ചെറിയകൊച്ചമ്മടെ ചവിട്ടുകൊണ്ടാലെന്താ? ഇവിടെ കൂടിക്കോ. പക്ഷേ, മതിയായാൽ എന്നെ അറിയിച്ചേക്ക്.

കാർത്ത്യായനി: എന്നെക്കൂടാതെ പോവര്ത്.

മാധവൻ: ആഹാ! ഞാൻ വിളിച്ചാൽ വരുല്യ. നെന്നെക്കൂടാതെ പോവാനും പാടില്ല!

കാർത്ത്യായനി: ഈ നിലക്ക് പോന്നാൽ ചാടിപ്പോയീന്നല്ലെ പറയ്യാ? അതിനാ ഇത്ര കാലം കഷ്ടപ്പെട്ട് കാത്തിരുന്നത്?

മാധവൻ: പിന്നെ എങ്ങനെ പോണമെന്നാ നീ പറേണത്?

കാർത്ത്യായനി: വലിയകൊച്ചമ്മയോടു നേരിട്ടു പറയ്യാ അല്ലെങ്കിൽ വല്ലോരെക്കൊണ്ടും പറയിയ്ക്കാ.

മാധവൻ: എന്നിട്ട് അവരിവിടെ നിറപറയും ഭദ്രദീപവും വെച്ച് വായ്ക്കുരവയിടുവിച്ചിട്ട് നാഗസ്വരവും വിളിപ്പിച്ചിട്ട് വാലിയക്കാരന്റേയും വാലിയക്കാരത്തിയുടേയും കല്യാണം അങ്ങാഘോഷിക്കും. ഇല്ലേ? ഫൂ!

(അകത്തുനിന്ന് ക്രുദ്ധമായ പുരുഷസ്വരം)
"കാർത്ത്യായനീ, കാർത്ത്യായനീ!"
കാർത്ത്യായനി: അയ്യോ, കൊച്ചെജമാനൻ! ("ഏ" എന്ന വിളികേട്ട് ഓടിപ്പോകുന്നു.
(കർട്ടൻ)

**രംഗം രണ്ട്**

അതേ രാത്രി. ഗോപിനാഥമേനോന്റെ കിടപ്പുമുറി. സമുചിതസംവിധാനങ്ങൾ. ഗോപിനാഥമേനോൻ വായിക്കുന്നു. കല്യാണിഅമ്മ വരുന്നു.

ഗോപിനാഥമേനോൻ: അമ്മ ഇനിയും ഉറങ്ങീല! എന്തേ?

കല്യാണിഅമ്മ: അതെ, ഞാനുറങ്ങീല. എനിക്കിനി ഉറങ്ങണം അതിനാണ് ഞാനിങ്ങോട്ടു വന്നത്.

ഗോപിനാഥമേനോൻ: (സോല്ക്കണ്ഠം) എന്തേ, ആ മുറിയിൽ? (ആലോചനാപൂർവ്വം) അതെ, ഓർമ്മകൾ അമ്മയെ അലട്ടുന്നുണ്ടാവും. ഇവിടെ കിടന്നോളു. ഞാൻ ഉഷയുടെ മുറിയിൽ പോവാം.

കല്യാണിഅമ്മ: വേണ്ട.

ഗോപിനാഥമേനോൻ: അമ്മേ എന്നാൽ ഞാനും ഇവിടെ കിടക്കാം. പാവം. ഏകാന്തത അമ്മയെ സ്വൈരം കെടുക്കുന്നുണ്ടാവും.

കല്യാണിഅമ്മ: (ഇരുന്നിട്ട്) നീ പരിഭ്രമിക്കണ്ട. എനിക്ക് ഇതൊക്കെ സഹിക്കാൻ സാധിക്കും. അതല്ല, ഞാനിങ്ങോട്ടു വന്നത്.

ഗോപിനാഥമേനോൻ: പിന്നെ?

കല്യാണിഅമ്മ: ഞാൻ ഇരുപത്തിമൂന്നു കൊല്ലമായി സുഖമായി ഒന്നുറങ്ങീട്ട്. ക്ഷീണം ദേഹത്തെ തട്ടിമറിച്ചിടും. പക്ഷേ, മനസ്സിന്ന് ഉറങ്ങാൻ സ്വൈരം വേണം.

ഗോപിനാഥമേനോൻ: ഇരുപത്തിമൂന്നുകൊല്ലം! അപ്പോൾ ഞാനായിരുന്നോ അമ്മയുടെ സ്വൈരക്കേട്?

കല്യാണിഅമ്മ: ഛെ നീയെന്തറിഞ്ഞു.?

ഗോപിനാഥമേനോൻ: അമ്മ സുഖായിട്ടല്ലേ ഇക്കാലമൊക്കെ കഴിഞ്ഞത് എന്നുണ്ടെങ്കിൽ ഞാനൊന്നും അറിഞ്ഞിട്ടേയില്ല. എനിക്കൊന്നും മനസ്സിലാവുല്യ!

കല്യാണിഅമ്മ: പക്ഷേ, ഇനി നീയത് മനസ്സിലാക്കണം.

ഗോപിനാഥമേനോൻ: ആട്ടെ ശ്രമിക്കാം. പറയൂ.

കല്യാണിഅമ്മ: (തെല്ലിട നിശ്ശബ്ദം) ചുരുക്കത്തിൽ ഇതാണ്. കാർത്ത്യായനിയോടുള്ള പെരുമാറ്റത്തിൽ കുറച്ചു വ്യത്യാസം വരുത്തണം. കുറച്ചല്ല, ഒട്ടധികം.

ഗോപിനാഥമേനോൻ: (ആലോചനാപൂർവ്വം) ഇന്നു രാവിലെഞാനവളെ വിളിച്ച് കുറച്ചു ശാസിച്ചു. അവൾ ഉഷ പറഞ്ഞതനുസരിച്ചില്ല. ഇവിടത്തെ വാലിയക്കാരെക്കൊണ്ട് അവളെ അനുസരിപ്പിക്കേണ്ടതല്ലേ? കുറച്ചധികം പറയേണ്ടിവന്നു. അമ്മ അതു കേട്ടിരുന്നു. ഇല്ലേ?

കല്യാണിഅമ്മ: ഉവ്വ്. പക്ഷേ, ഇന്നിതു പറയാൻ കാരണം അതല്ല.

ഗോപിനാഥമേനോൻ: ഞാനും ഉഷയും ഇടയ്ക്കവളെ ശാസിക്കാറുണ്ട്.

കല്യാണിഅമ്മ: ഉണ്ട്. ഒരു വാലിയക്കാരത്തിയോടാവുമ്പോൾ അതൊട്ടും അധികമല്ല. അതിലധികം നിന്റെ അച്ഛൻതന്നെ ശാസിക്കാറുള്ളതാണല്ലൊ.

ഗോപിനാഥമേനോൻ: (അമ്പരപ്പോടെ) പിന്നെ എന്തു പെരുമാറ്റത്തെക്കുറിച്ചാണ് അമ്മ പറയണത്?

കല്യാണിഅമ്മ: ഗോപീ, കാർത്ത്യായനി നിന്റെ ജ്യേഷ്ഠത്തിയാണ്.

ഗോപിനാഥമേനോൻ: (സഹാസം) അമ്മയ്ക്ക് സമദർശിത്വം തോന്നാൻ തക്കവണ്ണം ഇപ്പോൾ വേദാന്തത്തിൽ താല്പര്യം തുടങ്ങീട്ടുണ്ട്. അതു സ്വാഭാവികമാണ്. പക്ഷേ, നമുക്കിവിടെ ജീവിക്കണം.

കല്യാണിഅമ്മ: അതാണ്. നീ വിശ്വസിക്കില്ല. ആരും ഇതു വിശ്വസിക്കില്ല. പക്ഷേ എനിക്കിതല്ലേ

പറയാനുള്ളു!

ഗോപിനാഥമേനോൻ: (കൂടുതൽ ചിരിച്ച്) അമ്മ സന്ധ്യക്ക് കിടന്നുറങ്ങിയോ?

കല്യാണിഅമ്മ: ഹ, സ്വപ്നം കണ്ടതാണെന്ന്! ഗോപീ, സ്വപ്നവും ഉറക്കപ്പിച്ചും ഒന്നും അല്ല. ഞാൻ പെറ്റതാണവളെ. നിന്നെ പ്രസവിക്കുന്നതിന്നു മുമ്പ്.

(ഗോപിനാഥൻ എഴുന്നേറ്റ് അമ്മയുടെ മുമ്പിൽ നിന്ന് കണ്ണിലേക്കു സൂക്ഷിച്ചുനോക്കുന്നു.)

കല്യാണിഅമ്മ: എനിക്കറിയാം, ഇതു വിശ്വസിക്കുന്നതിലും ഭേദം എനിക്കു ഭ്രാന്താണെന്നു വിശ്വസിക്കാണെന്ന്. പക്ഷേ, എനിക്കു ഭ്രാന്തില്ലാന്നു തെളിയിക്കാൻ കഴിയും. നിന്റെ അച്ഛന്റെ പഴയ ഡയറികളില്ലേ? ഇന്നു രാവിലെ അല്ലെ നീ എല്ലാം ഇങ്ങോട്ട് എടുത്തുകൊണ്ടവന്നത്. ഏതാണ്ട് പതിമൂന്നു കൊല്ലം മുമ്പത്തെ ഡയറി ഒന്നുനോക്ക്. കാർത്ത്യായിനി ഇവിടെ വന്ന ദിവസത്തെ ഡയറി. അന്നത് അദ്ദേഹം എഴുതിവെച്ചിട്ടുണ്ട്.

ഗോപിനാഥമേനോൻ: (ഷെൽഫിലുള്ള ഡയറികൾ എടുക്കുന്നു) ഏതായാലും ഡയറി എടുക്കാം. ചിലപ്പോൾ പെട്ടെന്നു വരുന്ന വ്യസനത്തിന്നിടയിൽ എങ്ങനെയോ ചില ധാരണകൾ മനുഷ്യമനസ്സിൽ കടന്നുകൂടാറുണ്ട്. അവ പിന്നെ യാഥാർത്ഥ്യത്തെ അങ്ങട്ട് കേറാൻ സമ്മതിക്കാതെ വാതിലടച്ചുകൂടീന്നു വരും. അമ്മയുടെ ഉറക്കമില്ലായ്മയും സ്വൈര്യക്കേടും എല്ലാംകൂടി എനിക്കത്ര പിടിക്കിണില്ല. പക്ഷേ, അച്ഛൻ ഡയറി എഴുതിവെച്ചത് വലിയ കാര്യമായി. അതിങ്ങോട്ട് എടുക്കേണ്ടിയിരുന്നില്ല. ഇപ്പോൾത്തന്നെ അതെല്ലാം അമ്മയുടെ മുറിയിൽ വെയ്ക്കാം. (ഡയറികൾ എടുത്ത് മേശമേൽ അട്ടിയിടുന്നു)

കല്യാണിഅമ്മ: (വേഗത്തിലെഴുന്നേറ്റ് നിഷ്പ്രയാസം ഒരു ഡയറി എടുത്തുതുറന്ന് മകന്റെ മുമ്പിൽ വെയ്ക്കുന്നു) നോക്ക്, എനിക്കിത് ആയിരം എണ്ണത്തിന്റെ കൂട്ടത്തിൽനിന്ന് അര സെക്കന്റുകൊണ്ടു കണ്ടുപിടിക്കാം. അത്രയ്ക്കാവർത്തിഞാനാ എഴുതിയതൊക്കെ ഉരുക്കഴിച്ചിട്ടുണ്ട്.

(ഗോപിനാഥമേനോൻ ഡയറി നോക്കുന്നു. അവശനായി കസേരയിൽ ഇരിക്കുന്നു.)

കല്യാണിഅമ്മ: ഉറക്കപ്പിച്ചല്ലാന്നും ഭ്രാന്തല്ലാന്നും എന്റെ മകന്നു ബോദ്ധ്യായിലെ?

ഗോപിനാഥമേനോൻ: ഇതെന്താണമ്മെ? ആരാണീ പരമേശ്വരൻനായര്?

കല്യാണിഅമ്മ: അദ്ദേഹമാണ് എന്നെ ആദ്യം വിവാഹം കഴിച്ചത്. കാർത്ത്യായനിയെ പ്രസവിക്കുന്നതിന്നുമുമ്പ് ആ മനുഷ്യൻ പെനാങ്കിലേക്കു പോയി. പിന്നെ ഒന്നും കേട്ടില്ല?

ഗോപിനാഥമേനോൻ: പിന്നെ?

കല്യാണിഅമ്മ: ഞാനും മുലകുടിക്ക്ണ ഒരു കുട്ടീം പട്ടിണി ആശ്രയവും. മൂന്നുകൊല്ലം കഴിച്ചു. അപ്പഴയ്ക്ക് അമ്മയും മരിച്ചു. അമ്മാമനും മരിച്ചു.

ഗോപിനാഥമേനോൻ: അന്നച്ഛൻ അവിടെ ആയിരുന്നോ?

കല്യാണിഅമ്മ: അല്ല. എനിക്കു സുഖക്കേടായി. ആരെക്കെയോകൂടിഞങ്ങളുടെ വീട് വിൽപ്പിച്ച് ആ പണവും കൊണ്ട് എന്നെ ഇവിടത്തെ ആസ്പത്രീല് കൊണ്ടന്നാക്കി. പോരുമ്പോൾ കുട്ടിയെ കൊണ്ടുവന്നാൽ നോക്കാനാരാ? ആ പടിഞ്ഞാറേലെ പാറു അമ്മയുടെ കയ്യിൽ കുട്ടിയേയും കൊടുത്ത് ഞാനിങ്ങോട്ടു പോന്നു.

ഗോപിനാഥമേനോൻ: എന്നിട്ട്, അച്ഛനാണോ അമ്മയെ ചികിത്സിച്ചത്?

കല്യാണിഅമ്മ: അതെ, അദ്ദേഹം എനിക്കു വീണ്ടും ഒരു ജന്മം തന്നു. ആസ്പത്രി വിട്ടപ്പോൾ വീട്ടിലേക്ക് കൊണ്ടുവന്നു. അന്ന് അച്ഛന്റെ അമ്മയുണ്ട്. അവരെന്നെ നോക്കി.

ഗോപിനാഥമേനോൻ: അപ്പോൾ പിന്നെ കുട്ടിയെ കൊണ്ടുവരായിരുന്നിലേ?

കല്യാണിഅമ്മ: അച്ഛൻ സമ്മതിച്ചില്ല. അവളെയും എന്നെയും രക്ഷിക്കാൻ ഒരു വഴിയേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തെ അനുസരിക്കുക.

ഗോപിനാഥമേനോൻ: (അസ്തചൈതന്യനായി) എനിക്ക് മനസ്സിലാവുന്നുണ്ട്. പക്ഷേ, എന്തൊരു മനസ്സിലാവല് !

കല്യാണിഅമ്മ: അതെ ഗോപീ, നീറി നീറി അമ്മ 23 കൊല്ലം കഴിച്ചു. ഇനി ഇതൊന്നവസാനിപ്പിക്കണം; എനിക്ക് ഒന്നുറങ്ങണം.

ഗോപിനാഥമേനോൻ: (തല താങ്ങിക്കൊണ്ട്) അതെ, അമ്മയ്ക്ക് ഉറങ്ങണം. എനിക്കിനി ഉറക്കമില്ല.

കല്യാണിഅമ്മ: നീ അവളെ നിന്റെ ജ്യേഷ്ഠത്തിയായിട്ട് സ്വീകരിക്കില്ലെ?

ഗോപിനാഥമേനോൻ: അമ്മെ, അമ്മ കഥ പറഞ്ഞുതരുന്നതും മൂളിക്കേട്ട് കിടന്ന ഒരു കാലമുണ്ടായിരുന്നു. രാജകുമാരി കുമ്മട്ടി നടുന്നതും കുമ്മട്ടിയിണ്ടമേൽ കയറി സമുദ്രം കടന്നു പോണതും ആട്ടിടയന് രാജ്യത്തിൽപ്പാതി രാജ്യവും രാജകുമാരിയേയും കിട്ടണതും ഒക്കെ അന്നു വിശ്വസിക്കായിരുന്നു. കൂട്ടത്തിൽ ഇന്നലെവരെത്തെ വാലിയക്കാരത്തി ഇന്നത്തെ പെങ്ങളാവാൻ വിഷമം ഒന്നൂല്യ. അല്ലെങ്കില്, എന്തിനേഞാൻ വലുതായത്!

കല്യാണിഅമ്മ: (എഴുന്നേറ്റ് ) എന്തായാലും അവളെ ഒരു വാല്യക്കാരത്തി ആക്കിനിർത്താൻ ഇനി പാടില്യ.

ഗോപിനാഥമേനോൻ: അപ്പോൾ അമ്മെ, ഇക്കഴിഞ്ഞ നീണ്ട കൊല്ലം അത്രയും അമ്മ എന്റെ അച്ഛനെ പേടിച്ചു മനസ്സുകൊണ്ടു ശപിച്ച് ഈ വീട്ടിന്നുള്ളിൽ കഴിഞ്ഞുകൂടി.

കല്യാണിഅമ്മ: നിനക്ക് എന്നെപ്പറ്റി എന്തു വിധിയും എഴുതാം. കാർത്ത്യായനി നാളെ മുതൽ വാല്യക്കാരത്തി അല്ല.

ഗോപിനാഥമേനോൻ: അവൾക്കതറിയാമോ അമ്മെ?

കല്യാണിഅമ്മ: ഇല്ല, ഇന്നുവരെ, ഹാ, പാവം, പടിഞ്ഞാറേലെ തള്ളയുടെ മകളായിട്ടുതന്നെ അവളിപ്പോഴും കിടന്നുറങ്ങുന്നു. ഒരു സമയം നീയോ ഉഷയോ ചീത്തപറേണതും സ്വപ്നം കണ്ടുകൊണ്ട്. ഒരു വാലിയക്കാരത്തിയുടെ വിരിപ്പില്! നിലത്ത്! അവിടെ അതാ കിടക്കുന്നു. ഇന്നുംകൂടി അവൾ അവിടെക്കിടക്കും. (പോകാൻ ഭാവിക്കുന്നു)

ഗോപിനാഥമേനോൻ: അമ്മെ, നിങ്ങളെനിക്ക് ശ്വാസം കഴിക്കാൻ ഇടതരില്ലെ? നിങ്ങൾ 23 കൊല്ലം എന്നെ വളർത്തിയത് ഇത്രയും വലിയ ഒരു കല്ല് തലയ്ക്കു വെക്കാനാണോ?

കല്യാണിഅമ്മ: (തിരിഞ്ഞു നടക്കുന്നു) എനിക്ക് ഉറങ്ങണം. എനിക്കുറങ്ങണം. (പോകുന്നു)

ഗോപിനാഥമേനോൻ: (ആ ഭാഗത്തേക്ക് നോക്കിനിന്ന്) ഉറക്കം! അതിന്റെ മനോഹാരിത മുഴുവൻ മനസ്സിലാവുന്നത് എനിക്കിപ്പോഴാണ്.

(കർട്ടൻ)

**രംഗം മൂന്ന്**

തളം ഒരറ്റത്ത് തറയിൽ കുറെ വിഴുപ്പുതുണികൾ. ഉഷ ശുണ്ഠി പിടിച്ച് നോക്കിനിൽക്കുന്നു. കാർത്ത്യായനി പ്രവേശിക്കുന്നു.

ഉഷ: ഇന്നലെ രാത്രീലും നീ വിഴുപ്പു തിരുമ്മീല.

കാർത്ത്യായനി: ഞാൻ ഇപ്പോൾ തിരുമ്മിക്കോളാം.

ഉഷ: അതല്ല ചോദിച്ചത്. എന്തേ രാത്രി തിരുമ്മാഞ്ഞത് എന്നാണ്. അതറിയണം എനിക്ക്. നിങ്ങളെക്കൊണ്ട് പണി എടുപ്പിക്കാൻ എനിക്ക് ശക്തിയില്ല. പക്ഷേ, എന്തോണ്ടേ എടുക്കാതിരുന്നതെന്ന് അന്വേഷിച്ചാൽ മേക്കട്ട് കേറില്ലലോ?

കാർത്ത്യായനി: കൊച്ചമ്മ എന്താ പറേണത്! ഞാനത് ചെയ്യാറുള്ളതാണ്. അത് ചെയ്യാനല്ലേ ഞാനാവിടെ താമസിക്കുന്നത്!

ഉഷ: അത് നിന്റെ സൗകര്യത്തിന് ചെയ്യാനല്ല. വാലിയക്കാരുടെ സൗകര്യത്തിന് വല്ലതും ചെയ്തു കിട്ടുമ്പോൾ അനുഭവിക്കാം എന്നു വെച്ചിരിക്കണം എന്നു തീർച്ചയായാൽ അങ്ങനെ ആയ്ക്കോട്ടെ. എന്നാൽ അത് പറയിൻ.

കാർത്ത്യായനി: കൊച്ചമ്മെ, ഇന്നലെ രാത്രി വലിയമ്മ കെടക്കാൻ വൈകി. പിന്നെ ഒറ്റയ്ക്ക് പുറത്തു നിന്നു തിരുമ്മാൻ പേടി ആയി. ഇന്നു രാവിലെ ചെയ്യാമെന്നു വെച്ചു. അതല്ലാതെ കൊച്ചമ്മ ഇപ്പറയും പോലെ ഞാൻ തന്നിഷ്ടം പ്രവർത്തിക്കണം എന്നൊന്നും വിചാരിച്ചിട്ടില്ല.

ഉഷ: എങ്കിൽ നീയതു പുലർച്ചെ ചെയ്യുമായിരുന്നു. പോട്ടെ. തിരുമ്മിയില്ലെങ്കിലും നീയതൊന്ന് എടുത്തുകെട്ടി വെയ്ക്കുമായിരുന്നു. നീയത് എന്റെ മുഖത്ത് വലിച്ചിട്ട മാതിരിയാണ് അവിടെത്തന്നെ ഇട്ടിരിക്കണത്. നീയെന്തിന്ന് വളച്ചുകെട്ടുന്നു? നിനക്ക് സാധിക്കില്ലെങ്കിൽ തുറന്നു പറ. നീ എന്നെ

ബുദ്ധിമുട്ടിക്കാതെ. ഞാൻ പേടിച്ചിട്ടാ നിന്നോടൊക്കെ പെരുമാറണത്. ഞാൻ പറയണത് കൂട്ടാക്കണമെന്നില്ലേ? എനിക്ക് അത്രയ്ക്കേ അധികാരമുള്ളു! പക്ഷേ, ഉള്ളത് തുറന്നു പറഞ്ഞാൽ പിന്നെയും പിന്നെയും ഇതിങ്ങനെ ആവർത്തിക്കാതെ കഴിയാലോ.

(കാർത്ത്യായനി തുണികൾ പെറുക്കിക്കെട്ടുന്നു. കല്യാണിഅമ്മ പ്രവേശിച്ച് കാർത്ത്യായനിയുടെ കൈയിൽനിന്ന് തുണിക്കെട്ടു വാങ്ങുന്നു.)

കല്യാണിഅമ്മ: (ശാന്തയായി ഉഷയോട്) ഞാൻ കുളിക്കാൻ പോവാണ്. അപ്പോൾ തിരുമ്മിക്കോളാം. (കാർത്ത്യായനിയോട്) നീഞാൻ വരുമ്പോഴേക്ക് ആ പൂജാമുറി ഒരുക്ക്.

(കാർത്ത്യായനിയും ഉഷയും സ്തബ്ധരായി നില്ക്കുന്നു)

കാർത്ത്യായനി: (കരഞ്ഞുകൊണ്ട്) കൊച്ചമ്മെ, ഒരു കുറി മാപ്പ്. ഞാൻ എത്ര വൈകിയാലും എന്നും രാത്രി തന്നെ തിരുമ്മിക്കോളാം.

ഉഷ: (ചെന്നു കെട്ടുവാങ്ങി) അമ്മ എന്താണീ കാണിക്കുന്നത്? എന്നോട് ഇങ്ങനെ അല്ലാതെ ഒന്നും നിങ്ങൾക്ക് പെരുമാറാനില്ലേ? (ചുണ്ടുകൾ വിറയ്ക്കുന്നു)

കല്യാണിഅമ്മ: ഓ, രണ്ടാളും തെറ്റിദ്ധരിച്ചു.

കാർത്ത്യായനി: (ഉഷയോട്) ഞാൻ കൊച്ചമ്മയെ അനുസരിക്കാതിരുന്നിട്ടില്ല. എന്റെ പേരിൽ വെറുതെ അലോഗ്യപ്പെടരുത്. എന്നിൽ വല്ല തെറ്റുണ്ടെങ്കിൽ ഞാൻ കാല് പിടിക്കാം.

കല്യാണിഅമ്മ: ഛേ, അരുത്.

ഉഷ: അമ്മയ്ക്ക് തുറന്നു പറയായിരുന്നു. ഇവിടുത്തെ വാല്യക്കാരെ ശാസിക്കാൻ പാടില്ലെന്ന്. ഇത് എന്നോട് ചെയ്യാൻ പാടില്ലാത്തതാണ്.

കല്യാണിഅമ്മ: (തോറ്റ മട്ടിൽ) ഞാൻ തോറ്റു. വാക്കിനൊന്നും അതാതിന്റെ അർത്ഥമല്ല. വിശ്വസിക്കാവുന്നത് പ്രവൃത്തിയാണ്. അത് വാക്കിനേക്കാൾ അധികം തെറ്റിദ്ധരിപ്പിക്കാൻ തുടങ്ങുമ്പോൾ എന്താ ചെയ്യാ? (പോകുന്നു)

(ഗോപിനാഥമേനോൻ പ്രവേശിക്കുന്നു)

ഗോപിനാഥമേനോൻ: (ഒറ്റനോട്ടത്തിൽ കാര്യം മനസ്സിലാക്കി) ഉഷേ, അതവിടെ ഇട്ടേയ്ക്കൂ.

ഉഷ: ഇന്നലെ നിങ്ങൾ അത്രയ്ക്കൊക്കെ ഇവളോടു പറഞ്ഞു. ഇവൾ എന്നെ അനുസരിക്കല് അമ്മയ്ക്ക് ഇഷ്ടമല്ല. അതവര് ആദ്യമേ പറഞ്ഞാൽ മതിയായിരുന്നു. ഞാൻ തന്നെ ചെയ്തിരുന്നു. അല്ലെങ്കിൽ എന്റെ ഏട്ടൻ വല്ലവരേയും ആക്കിത്തന്നിരുന്നു. എന്നാൽ ഇങ്ങനെ വാലിയക്കാരുടെ മുമ്പിൽവെച്ച് വഷളാവേണ്ടിയിരുന്നില്ല.

ഗോപിനാഥമേനോൻ: ആരും ആരുടെ മുമ്പിലും ഇന്നു വഷളായിട്ടില്ല. വഷളായിരുന്നത് ഇന്നലെവരെയായിരുന്നു.

ഉഷ: എന്നുവെച്ചാൽ?

ഗോപിനാഥമേനോൻ: ഇന്നലെവരെ ചെയ്യിക്കാൻ പാടില്ലാത്തത് ആളുകളെക്കൊണ്ടു ചെയ്യിച്ചു. പറയാൻ പാടില്ലാത്തത് ആളുകളോട് പറഞ്ഞു.

ഉഷ: അപ്പോപ്പിന്നെ വാലിയക്കാരെക്കൊണ്ട് എന്താ ചെയ്യിയ്ക്കാ? അവരോട് എന്താ പറയാ? എനിക്കിന്ന് ആര് പറേണതും മനസ്സിലാവ്ണില്ല.

കാർത്ത്യായനി: ഈശ്വരാ, ഞാനിത്ര വലിയ തെറ്റാണോ ചെയ്തത്! ഒരു ദിവസല്ലേ ഞാൻ മുണ്ടു തിരുമ്മാതിരുന്നിട്ടുള്ളു? ഇക്കണക്കിന് ഇന്നു വൈകുന്നേരത്തേക്ക് ഞാൻ വേറെ വീട് അന്വേഷിക്കണം എന്നായോ? പന്ത്രണ്ടു വയസ്സുവരെ ഞാൻ അമ്മയുടെ കൂടെ കഴിഞ്ഞു. പിന്നെ ഇതായി എനിക്ക് വീട്. ഈ പതിമൂന്നുകൊല്ലോം ഞാൻ ഒരാളെയും അനുസരിക്കാതിരുന്നിട്ടില്ല. കൊച്ചെജമാനനെ പത്തുവയസ്സുമുതൽക്ക് ഞാൻ കൊണ്ടുനടന്നു തുടങ്ങീലെ? കൂലിക്ക് പണി എട്ക്കണ വാല്യക്കാരത്തിയെപ്പോലെ ആണോ ഞാൻ ഇവിടുത്തെ സേവിച്ചിട്ടുള്ളത്! ഈശ്വരാ, എനിക്ക് ഒരനുജൻ ഉണ്ടായിരുന്നെങ്കില് അവനെ ഞാൻ ഇങ്ങനെ സ്നേഹിച്ചിരുന്നോ!

(ഗോപിനാഥമേനോൻ നിശ്ശബ്ദനായി നിന്ന് മുഖം തിരിച്ച് കണ്ണുതുടയ്ക്കുന്നു.)

ഉഷ: (ഗോപിനാഥമേനോന്റെ ഭാവം കണ്ട് ഇളകിക്കൊണ്ട്) അപ്പോൾഞാനാണ് നിങ്ങളുടെ കുടുംബത്തിലേക്ക് കയറിവന്ന ധൂമകേതു! എങ്കിൽ നിങ്ങൾക്കതു തുറന്നുപറഞ്ഞുകൂടെ?

അല്ലെങ്കിലൊന്നു സൂചിപ്പിക്കായിരുന്നില്ലേ? കാർത്ത്യായനിയമ്മേ? എനിക്കിവിടുത്തെ മട്ടും സമ്പ്രദായവും ഒന്നും അറിയില്ല. പിന്നെ ഇവരാണ് അതൊക്കെ പറഞ്ഞുതരണ്ടത്. ഇന്നുവരെ, ഞാൻ പെരുമാറുന്ന രീതി തെറ്റാണെന്നും ആരും സൂചിപ്പിച്ചില്ല. ഞാൻ കാരണം നിങ്ങൾ വേറെ വീട് അന്വേഷിക്കേണ്ടിവരില്ല. അത്രയ്ക്കു മനുഷ്യദ്രോഹിയായിട്ടല്ല എന്നെ എന്റെ ഏട്ടൻ വളർത്തിയത്. (കുറെക്കൂടി ഇളകി, ഗോപിനാഥമേനോനോട്) നിങ്ങൾക്കെന്നെ നിർത്തിക്കൊല്ലണം എന്നുണ്ടാവാൻ ഞാനെന്തേ ചെയ്തത്!

ഗോപിനാഥമേനോൻ: മതി. നിർത്തിൻ. നിർത്തിൻ. ന്യായങ്ങളുടെ കടന്നൽകൂട് ആദ്യം തട്ടിമറിച്ചിട്ടേ പെണ്ണുങ്ങൾ സംസാരിക്കാൻ തുടങ്ങൂ. നാലുവാക്ക് ചെവിയിലെത്തുമ്പൊഴേക്കും നാനൂറ് കുത്ത് മർമ്മത്തേറ്റിട്ടുണ്ടാവും. ഇവിടുന്ന് ആരും പോകാൻപോണില്ല. ഞാൻ പറേണു. നമ്മളെല്ലാംതമ്മിലുള്ള ബന്ധത്തെപ്പറ്റി നമ്മൾക്കാർക്കും ഒന്നും അറിഞ്ഞുകൂടായിരുന്നു. അറിയാവുന്നവർക്ക് പല കാരണംകൊണ്ടും അത് പറയാനും വയ്യായിരുന്നു. ഒരു കണക്കിൽ നമ്മൾ ഭാഗ്യമുള്ളവരാണ്. കുറച്ചു മണിക്കൂറേ നമ്മൾക്കിതുകൊണ്ട് കഷ്ടപ്പാടുണ്ടായുള്ളു. മരിച്ചുപോയ അച്ഛനും മരിക്കാതെ ഇരിക്കണ അമ്മയും ഇതുകൊണ്ട് 23 കൊല്ലം കഷ്ടപ്പെട്ടു.

ഉഷ: (ഇടയ്ക്കുകയറി) നിങ്ങളെനിക്ക് മനസ്സിലാവണ വല്ല ഭാഷയും സംസാരിക്കോ?

ഗോപിനാഥമേനോൻ: ഉഷേ, ഞാൻ എന്തു ഭാഷയിൽ പറഞ്ഞാലും നിങ്ങൾക്ക് രണ്ടാൾക്കും മനസ്സിലാവില്ല. നേർക്കുനേരെ പറഞ്ഞാൽ മനസ്സിലാവാത്ത കാര്യങ്ങളുമുണ്ട്. വേണങ്കിൽ പരീക്ഷിച്ചോളൂ. ഞാൻ പറയാം. ഈ നില്ക്കുന്നത് ഇവിടുത്തെ വാലിയക്കാരത്തിയായിരുന്ന സ്ത്രീയല്ല. എന്റെ ജ്യേഷ്ഠത്തിയാണ്. എന്റെ അമ്മ എന്നേക്കാൾ മുമ്പേ കണ്ട അവരുടെ ആദ്യത്തെ കുഞ്ഞ്. (കാർത്ത്യായനിയോട്) പരിഭ്രമിക്കണ്ട. ഞാൻ കളിയാക്കുകയല്ല. ഇന്നലെ രാത്രിയേഞാനിത് അറിഞ്ഞിട്ടുള്ളു. സത്യമാണ്. നിങ്ങളെന്റെ ജ്യേഷ്ഠത്തിയാണ്.

(കാർത്ത്യായനി സ്തബ്ധയായി നില്ക്കുന്നു)

ഉഷ: (ഈ മക്കാറിൽ ശുണ്ഠികയറിക്കൊണ്ട്) നിങ്ങൾക്ക് ഇനി ഒന്നും പറയാനില്ലേ?

ഗോപിനാഥമേനോൻ: പറഞ്ഞേടത്തോളം മനസ്സിലാവാത്തവരോടൊ?

ഉഷ: നിങ്ങൾ എന്തൊക്കെയാണ് ഈ പറേണത്?

ഗോപിനാഥമേനോൻ: (സഗൗരവം) ഈ നില്ക്കുന്നത് എന്റെ ജ്യേഷ്ഠത്തിയാണെന്ന്. അതായത്, നിന്റെ നാത്തൂൻ. നിനക്ക് ഞങ്ങളുടെ കുടുംബചരിത്രം അറിയില്ലല്ലോ.

ഉഷ: (അല്പം വിശ്വാസം വന്നപോലെ) അതെങ്ങനെ? അപ്പോൾ എന്തേ സംഭവിച്ചത്?

ഗോപിനാഥമേനോൻ: അതമ്മയോട് ചോദിച്ചറിഞ്ഞോളു. അവർക്കാണത് എന്നെക്കാളധികം മനസ്സിലാവുന്ന ഭാഷയിൽ പറഞ്ഞുതരാൻ സാധിക്കുക. (കാർത്ത്യായനിയോട്) അമ്മ വരുമ്പോഴേക്ക് പൂജാമുറിയിൽ വേണ്ടത് ഒരുക്കിക്കോളൂ. ഉഷയും അങ്ങോട്ടു ചെല്ലൂ. (പോകുന്നു)

(ഉഷ കൈയിലുള്ള വിഴുപ്പുകെട്ട് തറയിൽ ഇട്ട് അതിന്മേൽ ഇരിക്കുന്നു)

കാർത്ത്യായനി: എന്റെ അമ്മേ... (മുഖം പൊത്തി നില്ക്കുന്നു)

(കർട്ടൻ)

**രംഗം നാല്**

തളം. ഉച്ചസമയം. ഒരു വട്ടമേശയ്ക്കു പിന്നിൽ കല്യാണിഅമ്മ ഇരിക്കുന്നു. മേശയുടെ ചുറ്റും കസേരകൾ. വലത്തുഭാഗത്തെ കസേരയ്ക്കു പിന്നിൽ അതിന്മേൽ കൈയൂന്നി ഉഷ നിൽക്കുന്നു.

കല്യാണിഅമ്മ: എന്റെ മനസ്സ് കിടന്ന് പിടയ്ക്കാണ്. എന്തോ ഒരു ഭയം.

ഉഷ: എന്തിനമ്മേ?

കല്യാണിഅമ്മ: നടാടെയാണ് ഞാനവളെ വാലിയക്കാരത്തിടെ വേഷത്തില് അല്ലാതെ കാണാൻ പോണത്.

ഉഷ: അതെ, അതിനെന്തിനാ ഭയം?

കല്യാണിഅമ്മ: അവൾ ആ അറേല്ന്ന്  ഈ തളത്തിലേക്ക് എത്തണവരെക്കുള്ള  നിമിഷങ്ങളെ എനിക്ക് വിശ്വാസല്യ.

ഉഷ: അമ്മ വളരെ അധികം സഹിച്ചു. പലതവണയും നിരാശപ്പെടൂം ചെയ്തു. പെട്ടെന്ന് ചുറ്റുപാടു മാറുമ്പോൾ  അതിനോടൊത്തുനില്ക്കാൻ നമ്മളറിയാതെ മനസ്സ് തയ്യാറാവ്ണ്ണ്ടാവും. പിന്നെ അമ്മേ, എന്തൊരു  മടിയാണെന്നോ ആ സാരിയുടുക്കാനും സിൽക്ക് ബ്ലൗസ് ഇടാനും. അയ്യയ്യോ, ഞാൻ വെഷമിച്ചു. ഇങ്ങനെ ഉണ്ടോ ഒരു നാണം!  ഒടുവില് പണ്ടങ്ങളും കൂടി ഇടാൻ നിർബ്ബന്ധിച്ചപ്പോൾ ഒന്നും പറയാനൂല്യ. ഇതൊക്കെ അണിഞ്ഞിട്ട് അനുജന്റെ  മുമ്പില്  നിൽക്കാൻ വയ്യാത്രെ.

കല്യാണിഅമ്മ:  ആ  പുതിയ വേഷത്തില്  എന്റെ മുമ്പില് വരുമ്പോൾ ത്തന്നെ  അവൾക്ക്  വല്ലാത്ത ലജ്ജ ഉണ്ടാവും. കാണുന്നവരിലേക്ക് കൂടി പകര്ണ ഒരു  സ്വഭാവമുണ്ട് ലജ്ജക്ക്.  ആദ്യം കാണുമ്പോൾ എന്റെ മുഖത്ത് അങ്ങനെ അസ്വാഭാവികമായിട്ട് ഒന്നും ഉണ്ടായ്ക്കൂട. പക്ഷേ, അതു വിചാരിക്കുമ്പോൾ എനിക്കു പരിഭ്രമം അധികമാവ്ണ്.

ഉഷ: അതെ, അതെ. അമ്മയുടെ മുഖത്ത് അസ്വാഭാവികമായിട്ട് ഒന്നും ഉണ്ടായിക്കൂടാ. (അണിയറയിലേക്കു നോക്കി) ആ, വരു, ഇങ്ങട്ട്.

കല്യാണിഅമ്മ: (അണിയറയിലേക്കു നോക്കി)  കാർത്തൂ,  ഇവിടെ  വാ.

(കാർത്ത്യായനി  അണിഞ്ഞൊരുങ്ങി  മുഖത്ത്  അഭിനയിച്ചുണ്ടാക്കുന്നതെന്നു  പ്രത്യക്ഷപ്പെടുന്ന ധൈര്യത്തോടുക്കൂടി പ്രവേശിക്കുന്നു.  അവൾ  വന്ന് കല്യാണിഅമ്മയുടെ ഇടത്തുഭാഗത്തു നിൽക്കുന്നു.  കല്യാണി അമ്മ  അവളുടെ  കൈപിടിച്ച് അടുത്ത കസേരയിൽ  ഇരുത്തുന്നു. അത്രയുമായപ്പോഴേക്ക്  അവൾ മുഖംപൊത്തി തേങ്ങുന്നു.)

കല്യാണിഅമ്മ:  കരയ്  മകളെ, ഇരുപത്തിമൂന്നുകൊല്ലം നീ  അമർത്തിപ്പിടിച്ചതാണ്  ഈ കരച്ചില്.  അമ്മ ദിവസവും കുറേശ്ശെക്കുറേശ്ശെ കരഞ്ഞ്  അതിന്റെ  കനം  കുറച്ചിരിക്കുന്നു. (പുഞ്ചിരിയിട്ട്  അവളുടെ പുറം  തടവുന്നു)

ഉഷ: അയ്യയ്യോ, ഏട്ടൻ  വരുമ്പോഴേക്ക്  ഇത് നിർത്തണേ.

(കാർത്ത്യായനി മുഖം തുടച്ചു ലജ്ജാരുണയായി പുഞ്ചിരിയിട്ടുകൊണ്ട് ‘ഏത് ഏട്ടൻ്ഞഎന്ന അർത്ഥത്തിൽ നോക്കുന്നു.)

ഉഷ: നിങ്ങളുടെ  അനുജൻ  എന്റെ  ഏട്ടനെ  കൂട്ടിക്കൊണ്ട്  വരാൻ  പോയിട്ടുണ്ട്.

കാർത്ത്യായനി: (അല്പം പരിഭവസ്വരത്തിൽ) നിങ്ങളിനി ഈ  നഗരം മുഴുവൻ ഇവിടെ വിളിച്ചുവരുത്തി എന്നെ  പ്രദർശിപ്പിക്കും.

കല്യാണിഅമ്മ: കാർത്തൂ, ഉഷയെ  നീയെന്നു  വിളിക്ക്.

കാർത്ത്യായനി: (സങ്കോചത്തോടുകൂടി)  അമ്മേ, (നിർത്തുന്നു.)

കല്യാണിഅമ്മ: പറഞ്ഞോളു.

(കാർത്ത്യായനി പറയാൻ  ആവാതെ  വിഷമിക്കുന്നു.)

ഉഷ: (ചിരിച്ചുകൊണ്ട്) അമ്മെ, ഒരു നിമിഷം കൊണ്ട് ഒരു പദ്യം മുഴുവൻ മറന്ന് മറ്റൊന്ന് ഓർമ്മിക്കേണ്ടിവരുമ്പോൾ റസിറ്റേഷനിൽ  കുറച്ചൊക്കെ വൈകൃതം  വരും.

കാർത്ത്യായനി: മുഴുവൻ അങ്ങനെ മറക്കാൻ വയ്യ. (ഉഷയുടെ കൈ പിടിച്ച് അതിൽ മുഖം അമർത്തിക്കൊണ്ട്) ഇതൊരു നാത്തൂന്റെ കയ്യാവും  എന്ന്  ഞാനുണ്ടോ എപ്പോഴെങ്കിലും ആലോചിച്ചിട്ട്!

(ഉഷ കാർത്ത്യായിനിയോടു ചേർന്നുനില്ക്കുന്നു)

ഉഷ: ആലോചിക്കാത്തത് നന്നായി. അല്ലെങ്കിലെന്റെ  വിഷനാവ് സഹിക്കാതെ  ഏട്ടത്തി പണ്ടേ  ചത്തു പോയിരുന്നു.

കല്യാണിഅമ്മ: മറക്കിൻ, മക്കളേ, മറക്കിൻ.

കാർത്ത്യായനി: ഉഷേ, ഒരു  വാല്യക്കാരത്തിയോടാവുമ്പോൾ  അവൾക്ക് സഹിക്കാൻ വയ്യാത്തതൊന്നും നീ പറഞ്ഞിട്ടില്ല. ആനിലയ്ക്ക് എനിക്ക് നന്ദിയേഉള്ളു–പക്ഷേ, മറക്കാൻ വയ്യാത്ത പലതും ബാക്കിനില്ക്കും.

ഉഷ: എന്താണ്  ഏടത്തി?

കാർത്ത്യായനി: ചീര പറിച്ചുനടുമ്പോലെ മനുഷ്യനെ പറിച്ചുനടാൻ വയ്യ.

കല്യാണിഅമ്മ: അതാ, ഗോപിയും ഗംഗാധരമേനോനും വരുന്നു.

(ഗോപിനാഥമേനോനും ഗംഗാധരമേനോനും പ്രവേശിക്കുന്നു. അമ്മയും കാർത്ത്യായനിയും എഴുന്നേല്ക്കുന്നു. ഉഷ ഒരടി മുമ്പോട്ടുചെന്ന് അവരെ ആദരിക്കുന്നു.)

ഉഷ: ഏട്ടന് എന്റെ നാത്തൂനെ ഞാൻ പരിചയപ്പെടുത്തണോ?

ഗംഗാധരമേനോൻ: (ചിരിച്ചുകൊണ്ട്) എങ്കിൽ നീ തലമുടി ചെരിച്ചുകെട്ടി വരുമ്പോഴും നിന്നെ എനിക്ക് പരിചയപ്പെടുത്താൻ വേറെ ആൾ വേണ്ടിവരും. അമ്മേ, നിങ്ങളുടെ മകളുടെ അജ്ഞാതവാസം കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്.

കല്യാണിഅമ്മ: ഇരിക്കൂ.

(ഗംഗാധരമേനോനും കല്യാണിഅമ്മയും ഗോപിനാഥമേനോനും ഇരിക്കുന്നു. കാർത്ത്യായനി കല്യാണിഅമ്മയുടെ പിന്നിലും ഉഷ ഏട്ടന്റെ പിന്നിലും നില്ക്കുന്നു.)

ഗോപിനാഥമേനോൻ: ഏടത്തിക്ക് ഇവിടെ ഇരിക്കാം.

ഗംഗാധരമേനോൻ: ഉഷേ, സൊസൈറ്റിയിൽ പെരുമാറേണ്ട വിധമെല്ലാം നീ ജേഷ്ഠത്തിയെ പഠിപ്പിക്കണം.

ഉഷ: (ചിരിച്ചുകൊണ്ട്) തിയറി എല്ലാം അവർക്കറിയാം. പ്രാക്ടിക്കലാക്കാനുള്ള വിഷമമേ ഉള്ളു.

(കാർത്ത്യായനി കൂടുതൽ ലജ്ജാധീനയാകുന്നു)

ഗോപിനാഥമേനോൻ: ഏട്ടത്തി, നിങ്ങൾക്കു പലതും നഷ്ടപ്പെട്ടു. അനുജൻ കൈത്തണ്ടയിൽ കടിച്ച പാടോ വയറ്റത്തു മാന്തിയ വടുവോ അങ്ങനെ ചിലതാണല്ലോ പെങ്ങന്മാർ ആങ്ങളമാരുടെ സ്മരണക്ക് സൂക്ഷിക്കാറുള്ളത്. അത് സമ്പാദിക്കേണ്ട പ്രായത്തിൽ നമ്മൾ തമ്മിൽ കണ്ടില്ല. കണ്ടേടംകൊണ്ട് ഞാൻ കുറെ ദ്രോഹിച്ചിട്ടുണ്ട്. അതിന്റെ വടുക്കളെല്ലാം നിങ്ങളുടെ മനസ്സിൽ കാണും – ഈ അനുജന്റെ സ്മരണയ്ക്ക് അതു സൂക്ഷിച്ചോളു.

ഗംഗാധരമേനോൻ: അതെ, അതെ. സ്വന്തം മനസ്സിൽനിന്ന് ഒരു കഷണം മുറിച്ചെടുത്തിട്ടാണ് ആങ്ങളമാരും പെങ്ങന്മാരും പരസ്പരം ചില പാടോ വടുവോ ഉണ്ടാക്കിക്കൊടുക്കുന്നത്.

കാർത്ത്യായനി: അനുജനാണ് എന്ന് അറിഞ്ഞിരുന്നുവെങ്കിൽ... (കണ്ണുനീർകെട്ടി വാചകം നിൽക്കുന്നു) ഉഷേ, വരൂ.

(കാർത്ത്യായനി വികാരാവേശത്തോടെ ഉഷയുടെ കൈയുംപിടിച്ചു പോകുന്നു)

ഗോപിനാഥമേനോൻ: പൊയ്ക്കോളു. ഇങ്ങനെ ഒരു രംഗം നേരിടാൻ ഒരു രാക്ഷസന്റെ മനക്കരുത്തുവേണം.

ഗംഗാധരമേനോൻ: അമ്മേ നിങ്ങൾ കുറെ അധികം കണ്ണുനീർ കുടിച്ചു. അതും നിശ്ശബ്ദമായിട്ട്. അപ്പോൾ പുളിപ്പ് അധികം അനുഭവപ്പെട്ടിരിക്കും. പക്ഷേ, അതുവേണം ഈ രംഗം സൃഷ്ടിക്കാൻ. ഞാൻ പറയാം, ഓരോതുള്ളി കണ്ണുനീരും ഒരു പിടി മുത്തായിട്ട് ഒന്നിച്ചു പ്രദർശിപ്പിച്ചാൽപ്പോലും ഈ രംഗത്തിന്റെ ശോഭ കിട്ടില്ല. അത്രയും മഹത്തരമായിട്ടുണ്ട് ഇത്.

കല്യാണിഅമ്മ: നിർഭാഗ്യത്തിൽ ഞാൻ കരഞ്ഞു. ഭാഗ്യത്തിലും എനിക്ക് കരച്ചിലേ വരുന്നുള്ളു.

ഗംഗാധരമേനോൻ: (ചിരിച്ചിട്ട്) നിർഭാഗ്യം നുരച്ചുപൊന്താൻ തുടങ്ങുന്നതിനെത്തന്നെയാണോ മനുഷ്യൻ ഭാഗ്യം പൂത്തുനില്ക്കുകയാണെന്ന് പറയുന്നത്?

ഉഷ: (തിരിച്ചുവന്ന്) ഏട്ടൻ അവരെ കരയിപ്പിച്ചു അനുജൻ മരിച്ചുപോയാലത്തെപ്പോലെയുണ്ട്, എണ്ണിപ്പെറുക്കി കരയുന്നു. ഇവിടെ വന്നുകയറിയപ്പോൾ എന്റെ കൊച്ചനുജനാണന്ന് അറിഞ്ഞിട്ട് ഒന്നു കെട്ടിപ്പിടിക്കാനും ഉമ്മവെയ്ക്കാനും സാധിച്ചില്ലല്ലോ എന്ന്.

ഗോപിനാഥമേനോൻ: (കണ്ണീരൊപ്പുന്നു) കഴിഞ്ഞതു കഴിഞ്ഞു. ഏട്ടത്തിക്ക് എന്നിൽനിന്ന് എല്ലാ ഓമനത്തങ്ങളും പ്രതീക്ഷിക്കാം.

കല്യാണിഅമ്മ: അത് നിന്റെ കാര്യം. (ഉഷയെ നോക്കുന്നു.)

ഉഷ: എനിക്കെന്താണമ്മേ? ഞാൻ ദ്രോഹിച്ചതിനെ മനസ്സില് വെയ്ക്കില്ലെങ്കില് എന്റെ സാധു ഏട്ടത്തിയേപ്പൊലെ എനിക്കൊരു ബന്ധുവെ കിട്ടാനില്ല.

കല്യാണിഅമ്മ: എനിക്കു പകയില്ല. എന്റെ മക്കൾക്കും അതുണ്ടാവില്യ.

ഗോപിനാഥമേനോൻ: പാരമ്പര്യത്തിൽനിന്നാണ് സ്വഭാവം കിട്ടുന്നതെങ്കിൽ അച്ഛന്റെ നിർദ്ദയത്വവും എനിക്കുണ്ടാവണം.

ഗംഗാധരമേനോൻ: അയ്യേ, അച്ഛന്റെ നിർദ്ദയത്വം എന്നു പറയരുത്. ആ തലമുറയ്ക്കു ചില മിഥ്യാബോധങ്ങൾ ഉണ്ടായിരുന്നു; അന്തസ്സിനെക്കുറിച്ചുള്ള മിഥ്യാബോധങ്ങൾ. ഭാര്യ അസ്പൃഷ്ടയായ കന്യകയായില്ലെങ്കിൽ മാനക്കേടാണെന്നതരത്തിലുള്ള ചില ധാരണകൾ. അത്രേ ഉള്ളു.

ഗോപിനാഥമേനോൻ: ഈ വ്യാഖ്യാനത്തിൽ അടങ്ങിനില്ക്കാത്ത ക്രൂരതകൂടി ഇല്ലാതെ ഒരു തള്ളയെ കുട്ടിയിൽനിന്നു പിരിച്ചു നിർത്താൻ സാധിക്കില്ല.

ഗംഗാധരമേനോൻ: എങ്കിലും ആ ഡയറി എഴുതിവെക്കാൻ തോന്നിയ മഹത്തായ ദയയെപ്പറ്റി ആലോചിച്ചുനോക്കൂ. അമ്മയുടെ കാലശേഷം കഷ്ടത്തിലാവുന്ന കുട്ടിയെപ്പറ്റി അദ്ദേഹം ആലോചിച്ചിരുന്നു, തീർച്ച – സ്വത്തു മുഴുവൻ, അല്ലെങ്കിൽ ഗോപിയുടെ കൈയിലല്ലെ വരുക? സ്വന്തം മകനിൽപ്പോലും അനർഹമായ വിശ്വാസം വെക്കാതിരിക്കാൻമാത്രം ആ പെൺകുട്ടിയോട് അദ്ദേഹം ന്യായം ചെയ്തു. ആ മനോഭാവം അത്രയും മഹത്തായ ദയയിൽ നിന്നേ വരൂ.

ഗോപിനാഥമേനോൻ: ശരിയായിരിക്കും.

കല്യാണിഅമ്മ: മേനോൻ പറഞ്ഞതരത്തിലുള്ള മിഥ്യാബോധങ്ങളൊക്കെ ഇപ്പോൾ ഉള്ളവർക്കും ഉണ്ട്. അതാലോചിക്കുമ്പോഴാണ് കാർത്തുവിന്റെ കാര്യത്തിൽ എനിക്കിപ്പൊഴും വേദന.

ഉഷ: ഏട്ടത്തിക്ക് എന്താ അമ്മെ, മാന്യതക്കുറവ്? അവരുടെ ആങ്ങളയ്ക്കുള്ള എല്ലാ സ്ഥാനവും അവർക്കുമില്ലേ?

ഗോപിനാഥമേനോൻ: ഇല്ല. ആളുകൾ പറയും. അവൾ വിഴുപ്പുതിരുമ്മിക്കഴിഞ്ഞവളാണെന്ന്. സ്നേഹംകൊണ്ട് ഒരാളെ നിനക്ക് ഉടുപ്പിടുവിക്കാം – പക്ഷേ, കഴുത്തുവരെക്കുള്ള വൈരൂപ്യമേ മറയുള്ളു.

കല്യാണിഅമ്മ: അവൾ തികച്ചും നിന്റെ പെങ്ങളാവാതെ നിന്റെ അച്ഛന്റെ പാപം തീരില്ല. എനിക്കൊട്ടു ഗതി കിട്ടൂംല്യ.

ഉഷ: എന്റെ നാത്തൂനെപ്പറ്റി എന്തെങ്കിലും ദോഷം വിചാരിക്കുന്നോരോട് എന്റെ ഈ ജന്മത്തിലുള്ള എല്ലാ ബന്ധോം തീരും; ഇതുവരെ എനിക്ക് ഏറ്റവും അടുത്ത സ്നേഹിതമാരായാലും ശരി.

ഗംഗാധരമേനോൻ: കുട്ടീ, നിന്റെ പ്രതിജ്ഞ ഭയങ്കരമാണ്. നിന്റെ സ്വഭാവം അറിയുന്നോരാരും അത് അവിശ്വസിക്കയുമില്ല.

ഗോപിനാഥമേനോൻ: ഏതായാലും ഏടത്തിയെ ഒരു നല്ല കൈയിൽ ഏല്പിച്ചില്ലെങ്കില് ഇക്കണ്ടതൊക്കെ ഒരു കാട്ടിക്കൂട്ടലായിട്ടേ കലാശിക്കൂ – ഉപകാരത്തിന്നുപകരം ആ സാധുജീവിക്ക് ഒരു പരമദ്രോഹവും.

ഉഷ: ശരിയാണ് – നമ്മളിപ്പോൾ ചെയ്തത് പറക്കണ പക്ഷിയോടു ദയ തോന്നീട്ട് അതിനെ പിടിച്ച് കൂട്ടിലാക്കാണ്.

ഗോപിനാഥമേനോൻ: ഇനി കൂടൊട്ടു തുറക്കാനും വയ്യ.

കല്യാണിഅമ്മ: അമ്മ നെന്റെ തലയ്ക്ക് നല്ല ഭാരം വെച്ചു.

ഉഷ: അല്ലെങ്കിൽത്തന്നെ ഉറക്കം ഇല്യാത്ത ആള്!

ഗംഗാധരമേനോൻ: കുട്ടീ, നീ വിചാരപ്പെടണ്ട. ഇപ്പഴത്തെ സമയം നിന്റെ മനസ്സിന് അലട്ടുണ്ടാക്കാൻ പറ്റീതല്ല.

കല്യാണിഅമ്മ: അതെ, അതെ. ഗർഭകാലത്ത് കനത്ത സൈ്വരക്കേടുകൾ ഒന്നും അരുത്. അത് ദോഷാണ്.

ഗംഗാധരമേനോൻ: മനുഷ്യനെക്കൊണ്ട് പരിഹരിക്കാവുന്നതാണെങ്കിൽ ഈ കുടുംബത്തിന് ഒരു വിഷമവും നേരിടില്ല. പോരെ?

ഉഷ: സങ്കല്പം നന്ന്, ഏട്ടാ!

ഗംഗാധരമേനോൻ: ഹ, ഹ. കുട്ടീ! നിന്റെ ഏട്ടൻ അവിവാഹിതനാണ്.

ഉഷ: ഏട്ടനോ!

ഗംഗാധരമേനോൻ: എന്തേ, നിന്റെ ഏട്ടനാവുമ്പോൾ, നിന്റെ നാത്തൂന് സ്ഥിതി പോരാന്ന് വിചാരിച്ചോടങ്ങ്യോ?

ഉഷ: അയ്യോ, ഞാൻ സന്തോഷം കൊണ്ടേ കരഞ്ഞ്.

ഗോപിനാഥമേനോൻ: വിവാഹത്തെപ്പറ്റി ഗംഗാധരമേനോനുള്ള അഭിപ്രായം എനിക്കറിയാം. അതുകൊണ്ട് പറയ്ാണ്. എന്റെ പെങ്ങൾക്കുവേണ്ടിപ്പോലും നിങ്ങളെപ്പോലുള്ള ഒരാൾ സ്വന്തം ആദർശങ്ങൾ തെറ്റിച്ച് ഇങ്ങനെ ഒരു ത്യാഗം ചെയ്തുകൂടാ.

ഗംഗാധരമേനോൻ: അയ്യോ, ഒരു ത്യാഗവും അല്ല. ആദർശപ്രേമത്തെക്കുറിച്ചുള്ള സങ്കല്പങ്ങളിൽനിന്ന് ഞാൻ പോന്നിരിക്കുന്നു. ദാമ്പത്യം ഒരു പ്രായോഗികകാര്യമായി കാണാൻ തുടങ്ങി എന്നാണർത്ഥം. അതുകൊണ്ട്. കാർത്ത്യായനിക്ക് എന്നെ സ്നേഹിക്കാൻ കഴിയുമെങ്കിൽ ഒരു കുഴപ്പവുമില്ലാതെ നമുക്ക് കാര്യം നടത്താം.

കല്യാണിഅമ്മ: പ്രായംകൊണ്ടൊക്കെ രണ്ടാൾക്കും നല്ലയോജിപ്പുണ്ട്.

ഗോപിനാഥമേനോൻ: എല്ലാംകൊണ്ടും രണ്ടാളുടെയും സ്നേഹകേന്ദ്രംഞങ്ങളാവുമ്പോൾ; ഞാനും ഉഷയും.

ഉഷ: അയ്യോ, ഞാൻ എങ്ങനേങ്കിലും നാത്തൂനെ ഇങ്ങട്ട് പിടിച്ചുകൊണ്ടരട്ടെ. (ഓടിപ്പോകുന്നു)

ഗംഗാധരമേനോൻ: ഇവൾക്കിന്നു വയസ്സ് പന്ത്രണ്ടാണ്. സാധുപ്പെണ്ണ്!

കല്യാണിഅമ്മ: ഞങ്ങളുടെ കുടുംബത്തെ നിങ്ങൾ രണ്ടാമത്തെ പ്രാവശ്യാണ് അനുഗ്രഹിക്ക്ണത്. ആദ്യം ഉഷയെക്കൊണ്ട്; പിന്നെ നിങ്ങളെക്കൊണ്ടുതന്നെ. മുജ്ജന്മബന്ധങ്ങളാണെന്നു പറേണത് നേരാന്ന് തോന്നുണു. വിചാരിക്കാതെ ഇങ്ങനെ ചിലത് സംഭവിച്ചു കാണുമ്പോ.

ഗോപിനാഥമേനോൻ: ഇപ്പോൾ ഈ സംഭവം ഉഷയെപ്പോലെ മെല്ലെമെല്ലെ എന്നെയും വികാരാധീനനാക്കുന്നുണ്ട്. അതങ്ങനെ ആഹ്ലാദത്തിന്റെ രൂപത്തിലല്ല. അജ്ഞാതമായ ഒരു ഭയംപോലെയാണ് അനുഭവപ്പെടുന്നത്. മുൻസങ്കല്പമില്ലാത്തതായിരിക്കാം കാരണം.

(ഉഷ കാർത്ത്യായനിയേയും കൂട്ടി പ്രവേശിക്കുന്നു)

ഉഷ: അപ്പോൾ, ഏട്ടത്തിക്കു മനസ്സിലായോ? (ഗംഗാധരമേനോനെ ചൂണ്ടി) ഞാൻ ഇദ്ദേഹത്തെ പരിചയപ്പെടുത്തട്ടെ? കുറച്ചു ദിവസോംകൂടി കഴിഞ്ഞാൽ ഏടത്തി 'അവര് ഞ എന്നു പറയണ്ട ആളാണിത്.

ഗംഗാധരമേനോൻ: പെണ്ണേ, എനിക്കു നിന്റെ ചെവിപിടിച്ചു തിരുമ്മാൻ തോന്ന്ണ്ണ്ട്.

കല്യാണിഅമ്മ: കാർത്തൂ, നിന്നെ ഗംഗാധരമേനോന് കല്യാണം കഴിച്ചു കൊടുക്കാൻ ഗോപി നിശ്ചയിച്ചിരിക്കുന്നു.

കാർത്ത്യായനി: അയ്യോ! (കുറച്ചിട അന്തംവിട്ടും പിന്നെ എന്തോ പറയാൻ തോന്നിയതിനെ നിയന്ത്രിക്കുന്നപോലെയും നില്ക്കുന്നു) എനിക്ക് ശ്വാസംമുട്ടുന്നു. ഒരു ജീവിതംകൊണ്ടിങ്ങനെ വേഗം വേഗം പന്താടരുത്. ഉഷേ, എനിക്കു പലതും പറയാനുണ്ട്. പക്ഷേ, പറയാൻ നോക്കുമ്പോ തൊണ്ട വരളുന്നു.

ഗോപിനാഥമേനോൻ: ഏടത്തി, സംഭവങ്ങൾ കുറച്ചധികം വേഗത്തിലാവ്ണണ്ട്. സംഭ്രമിക്കാതിരിക്കൂ. ഉഷേ, അവരെ ഇവിടെ നിർബ്ബന്ധിച്ചു നിർത്തണ്ട. ആരെയായാലും ഈ പരിണാമത്തിന്റെ വേഗം തല ചുറ്റിക്കും.

(ഉഷ കാർത്ത്യായനിയുടെ കയ്യുംപിടിച്ച് അകത്തേക്കു പോകുന്നു)

കാർത്ത്യായനി: (പോകുമ്പോൾ) ഹോ, വാക്കുകൾകൊണ്ടല്ലാതെ മറ്റുള്ളവരെ വല്ലതും മനസ്സിലാക്കാൻ സാധിച്ചിരുന്നെങ്കില്!

ഗോപിനാഥമേനോൻ: ഞാനിന്ന് ക്ലബ്ബിൽ ഈ വർത്തമാനം പറയും.

ഗംഗാധരമേനോൻ: (ആലോചിച്ച്) അതാണ് നല്ലത്.

ഗോപിനാഥമേനോൻ: മെല്ലെ മെല്ലെ അറിയാൻ തുടങ്ങുമ്പോൾ പരിഹാസത്തിന്നുള്ള വാസനയാണ് ആളുകളിൽ മുമ്പിട്ടു നില്ക്കാ. നമ്മൾതന്നെ നേരിട്ട് വെട്ടിത്തുറന്നു പറയുമ്പോൾ അതിന്റെ ഗൗരവം നിലനിർത്താൻ നമ്മൾക്ക് കഴിയും.

ഗംഗാധരമേനോൻ: (ആലോചനാപൂർവ്വം) അതാണ് നല്ലത്.

കല്യാണിഅമ്മ: എല്ലാം നേരെ ആലോചിച്ചു പ്രവൃത്തിച്ചോളിൻ.

ഉഷ: (മടങ്ങിവന്ന്) എന്റെ നാത്തൂന് ഇന്നു കരച്ചില് കാലംകൂടണ ദിവസമാണ്.

(കർട്ടൻ)

**രംഗം അഞ്ച്**

സന്ധ്യ. തളം. കല്യാണിഅമ്മ ഇരിക്കുന്നു. മാധവൻ വന്ന് ഒരറ്റത്ത് ഒതുങ്ങി നിൽക്കുന്നു.

കല്യാണിഅമ്മ: എന്താ വേണ്ടത്, മാധവാ?

മാധവൻ: എനിക്കിവിടുന്ന് പിരിയാൻ സമ്മതം തരണം കൊച്ചമ്മെ!

കല്യാണിഅമ്മ: ഊം. എന്തേ ഇത്ര പെട്ടെന്നു നിനക്ക്?

മാധവൻ: അല്പം പെട്ടെന്നായി. പക്ഷേ, ഇത് ഞാൻ പറയേണ്ടി വരില്ലാന്നും എന്നോട് പറയുമെന്നും വിചാരിച്ചു.

കല്യാണിഅമ്മ: ആര് പറയൂംന്ന്?

മാധവൻ: കൊച്ചെജമാനൻ. അദ്ദേഹം എനിക്ക് 'കടന്നുപോടാ' എന്നൊരു സർട്ടിഫിക്കറ്റ് തരും എന്നും വിചാരിച്ചാണ് രണ്ടുദിവസം കാത്തത്. എങ്കിൽ എനിക്കിത് കൊച്ചമ്മയോട് പറയാതെ കഴിക്കായിരുന്നു. പക്ഷേ, അതുണ്ടായില്ല.

കല്യാണിഅമ്മ: ഗോപി ഇടയ്ക്കൊന്നു ദേഷ്യപ്പെട്ട് വല്ലതും പറഞ്ഞാൽ അതിത്രമാത്രം കാര്യമായെടുക്കാനുണ്ടോ മാധവന്! ഒര് വീട് ഭരിക്കുന്നവർക്ക് കുറച്ചൊക്കൊ ദേഷ്യപ്പെടാനോ ശകാരിക്കാനോ ഒക്കെ അവകാശം വേണ്ടേ? മാധവൻ ഇന്നോ ഇന്നലെയോ ഇവിടെ വന്നതാണോ? കാര്യങ്ങളെല്ലാം പെട്ടെന്ന് ഏറ്റെടുത്തു നടത്തേണ്ടിവരുമ്പോൾ ഒരു സമയം വേണ്ടപ്പെട്ടവരോട് ഒന്നു മുഷിഞ്ഞുപറഞ്ഞു എന്നൊക്കെ വരില്ലെ?

മാധവൻ: ഞാനങ്ങനെ അദ്ദേഹത്തെ കുറ്റപ്പെട്ത്ത്ണില്ല; എന്തായാലും പിരിയണം എന്ന കാര്യം തീർച്ച. ആ സ്ഥിതിക്ക് കൊച്ചെജമാനൻ പിരിച്ചയക്കുന്നതായിരുന്നു എനിക്ക് സുഖം. ''മാധവൻ ഇനി ഇവിടെനില്ക്കണ്ട, പോവാം' എന്നോ മറ്റോ പറഞ്ഞു കിട്ടിയാൽ എനിക്ക് പിന്നെ ഒന്നും ആലോചിച്ചുറയ്ക്കാൻ ഉണ്ടാവില്ലല്ലോ എന്നു മാത്രം.

കല്യാണിഅമ്മ: നോക്ക്, കാർത്തു എന്റെ മകളാണ്. അത് ഞാൻ വെളിപ്പെടുത്തി. ഇവിടെ ഉള്ളോർക്കൊക്കെ ഞാൻ വിചാരിച്ചതിലും അധികം സന്തോഷോം ആയി. നിന്നെയും ഈ വീട്ടിലെ ഒരാളായിട്ടേ ഞാൻ വിചാരിച്ചിട്ടുള്ളു. ഈ സന്തോഷത്തിന്റെ ഇടയിൽനിന്ന് ഒരാളെ അങ്ങട്ട് പറഞ്ഞയക്ക്വാച്ചാല് ഒരു സുഖോം ഉള്ള കാര്യല്ല.

(മാധവൻ മിണ്ടാതെ നില്ക്കുന്നു)

പോരെങ്കിൽ അവളുടെ വിവാഹം തീർച്ചപ്പെടുത്തി. മാധവൻ അറിഞ്ഞില്ലെ? ഈ വീട്ടിൽ പരിചയമുള്ള ഒരാളല്ല; വല്ല പുതിയ ആളേയും വെച്ചിട്ടുവേണം ഇതൊക്കെ നടത്താനെന്നു വരുമ്പോൾ എന്തൊക്കെ ബുദ്ധിമുട്ടുണ്ടാവൂംന്ന് മാധവന് നിശ്ചേല്ലെ? (ഉത്തരം പ്രതീക്ഷിച്ചെന്നപോലെ മാധവന്റെ മുഖത്തുനോക്കുന്നു)

(മാധവൻ അധോമുഖനായി നിശ്ശബ്ദം നില്ക്കുന്നു)

എനി മാധവന് പോണംന്ന് വെച്ചാൽ ഇതൊക്കെ കഴിഞ്ഞിട്ട് നമുക്ക് ആലോചിച്ചു ചെയ്യാം. ഒരു സമയം അപ്പഴക്ക് ഈ അലോഗ്യം ഇല്ലാണ്ടായീന്നും വരാം.

മാധവൻ: കൊച്ചമ്മേ, ഞാനും കൊച്ചമ്മയും ഏതാണ്ട് ഒന്നിച്ചാണ് ഇവിടെ വന്നത്. അന്നു പത്തു പതിനഞ്ച് വയസ്സേ എനിക്കുള്ളു. കൊച്ചമ്മയെ 'കൊച്ചമ്മ' എന്നും എജമാനനെ 'മൂപ്പര്ഞ്ഞ എന്നും പറേമ്പോൾ അമ്മ അച്ഛൻ എന്ന് പറേണപോലെത്തന്നെ തോന്നീര്ന്നുള്ളു. ആ അടുപ്പം എന്റെ മനസ്സില് ഇപ്പഴുംണ്ട്. അതിന്റെ ധൈര്യം കൊണ്ട് ചിലത് പറയ്ാണ്, കൊച്ചമ്മയ്ക്ക് അപ്രിയാവോ?

കല്യാണിഅമ്മ: മാധവാ,ഞാനും മറിച്ച് കര്തീട്ടില്ല. പറഞ്ഞോ.

മാധവൻ: കാർത്തു കൊച്ചമ്മേടെ മകളാണെങ്കില്ഞാനീ വീട്ടിന്ന് പോണം എന്നത് തീർച്ചയാണ്. അത് എത്ര വേഗം പോകുന്നോ അത്രയും നല്ലത്.

കല്യാണിഅമ്മ: (അല്പം സംഭ്രമത്തോടുകൂടി) എന്താത്?

മാധവൻ: ഇന്നലെവരെ ഞാൻ ശാസിച്ചും എന്നെ പേടിച്ചും എന്റെ ദയക്ക് ആശിച്ചും നിന്ന ഒരു കുട്ടിയാണത്. ഇന്ന് കൊച്ചെജമാനനെപ്പോലെ എന്നെ ശാസിക്കേണ്ടവരായി. ഉഷക്കൊച്ചമ്മയെപ്പോലെ

ഞാൻ വണങ്ങിനില്ക്കേണ്ടവരായി. എന്റെ ചില്ലറക്കാര്യങ്ങളൊക്കെ സാധിപ്പിച്ചു തന്ന് ദയ കാണിക്കേണ്ടവരായി. ഇങ്ങനെ ഒന്നുമല്ല സംഭവിക്കണതെങ്കിലോ കൊച്ചമ്മടെ മകൾക്കും ചീത്തത്താണ്. എനിക്കും ചീത്തത്താണ്. ഒരാൾക്ക് വളരെ വേഗം യജമാനനായിട്ട് ഉയരാൻ കഴിയും. മനുഷ്യന്മാർക്ക് ഉൽഗതിക്കാണലോ വാസന. തന്നത്താൻ താഴ്ത്തിക്കെട്ടാൻ ഒരാൾക്കും ആവില്ല.

കല്യാണിഅമ്മ: (ആലോചനാമഗ്നയായി) നീ കാര്യാണ് പറേണത്. ഞങ്ങൾ അവളെഞങ്ങളോടൊപ്പം ഉയർത്തിയെടുക്ക്ാണ് ചെയ്തത്, നിനക്കവളെ തലക്ക് മീതെ ഉയർത്തിപ്പിടിക്ക്ാണ് വേണ്ടിവരിക. എന്നാലും മാധവാ, നിന്നെഞങ്ങളുടെ കൂട്ടത്തിൽനിന്ന് അങ്ങട് പറഞ്ഞയക്കണത്ആലോചിക്കാൻ വയ്യ. (തലതാങ്ങി കുറച്ചിട ഇരുന്ന്) ഇങ്ങനെ ഒരു വ്യസനം വന്നില്ലെങ്കില് എന്റെ സന്തോഷം ഇപ്പൊ ഭൂമി താങ്ങില്ല. മാധവാ, ദൈവം എനിക്ക് ധാരാളം തന്നു. അത് ഇരുപത്തിമൂന്നു കൊല്ലം കരഞ്ഞിട്ടാണ്. കുറച്ചേ മടക്കി എടുക്കുന്നുള്ളു. പക്ഷേ, അത് വളരെ പെട്ടെന്നായി. (വീണ്ടും ആലോചിച്ചിരിക്കുന്നു)

(ഗോപിനാഥമേനോൻ പ്രവേശിച്ച് മാധവനേയും കല്യാണി അമ്മയേയും നോക്കി കല്യാണിഅമ്മയുടെ അടുത്തുള്ള കസാലയിൽ ഇരിക്കുന്നു.)

മാധവന് ഇവിടെനിന്ന് പിരിഞ്ഞ് പോണത്രെ.

ഗോപിനാഥമേനോൻ: പിരിഞ്ഞോട്ടെ. (മാധവനോട്) എപ്പഴാ പോണ്?

മാധവൻ: (അതേ ഭാവത്തിൽ) ഇപ്പോൾത്തന്നെ.

ഉഷ: (പ്രവേശിച്ച് ) അമ്മേ, ഏടത്തി തീർത്തുപറേണ്...

കല്യാണിഅമ്മ: (സോൽക്കണ്ഠം) എന്ത്?

ഉഷ: ആ വിവാഹം സാധിക്കില്ലാന്ന്.

(കല്യാണിഅമ്മ നിശ്ശബ്ദയായിരിക്കുന്നു)

ഗോപിനാഥമേനോൻ: നമ്മൾ വളരെയധികം ബദ്ധപ്പാട് കാണിച്ചോ?

ഉഷ: ഒട്ടുമില്ല. ആ വിവാഹം വേണ്ടെന്നു വെക്കണീത്ാണ്ടും ആയില്ല.

കല്യാണിഅമ്മ: (പരിഭ്രമത്തോടും അവിശ്വാസത്തോടും കൂടി) പിന്നെ?

ഗോപിനാഥമേനോൻ: (അതേസ്വരത്തിൽ) പിന്നെ?

ഉഷ: അമ്മ പരിഭ്രമിക്കണ്ട. (മാധവന്റെ നേർക്ക് വിദ്വേഷപൂർവ്വം നോക്കുന്നു)

കല്യാണിഅമ്മ: എന്താച്ചാ പറയു. എന്തേ, അവൾ വല്ല അപകടവും ചെയ്തോ?

ഉഷ: ഒരപകടവും ചെയ്തിട്ടില്ല. പക്ഷേ, അപകടം ചെയ്തേ കഴിയൂ എന്നു ശാഠ്യം.

കല്യാണിഅമ്മ: എനിക്ക് മനസ്സിലാവ്ണില്യ.

ഉഷ: ഞാൻ പറയാം. എല്ലാവർക്കും നിശ്ചയള്ളത് ഞാനിനി ആരെ മറയ്ക്കാനാ? ഏടത്തിക്ക് ഭർത്താവായിട്ട് മാധവനെ വേണമെന്ന്.

കല്യാണിഅമ്മ: (രൗദ്രഭാവത്തിൽ മാധവനെ നോക്കി) ഓ, മഹാപാപി!

(ഗോപിനാഥമേനോൻ ഇടിവെട്ടേറ്റപോലെ സ്തബ്ധനായിരിക്കുന്നു)

മാധവൻ: (അർദ്ധസ്വഗതമായി) അതെന്റെ കുറ്റമല്ല, ആ സ്ത്രീയുടെയും കുറ്റമല്ല, പതിമൂന്നു കൊല്ലം ഞങ്ങൾ ഇവിടെ വേലക്കാരനും വേലക്കാരിയുമായിരുന്നു. സ്നേഹിച്ചുപോകുന്ന ത് മനുഷ്യന്റെ കൈയിൽ തെറ്റൊന്നുമല്ല.

ഗോപിനാഥമേനോൻ: തനിക്കിനി ശമ്പളബാക്കിയുണ്ടോ?

മാധവൻ: ഇല്ല.

ഗോപിനാഥമേനോൻ: എന്നാൽ പൊയ്ക്കോളു.

മാധവൻ: ഞാൻ ഇരുപത്തിമൂന്നു കൊല്ലം പാർത്ത വീടാണ്.

ഗോപിനാഥമേനോൻ: അതിനെന്ത് വേണം? ശമ്പളത്തിന്ന് പുറമെ വല്ല സംഖ്യയും പ്രതീക്ഷിക്കുന്നുണ്ടോ?

മാധവൻ: പണം! അതവിടെ ഇരിക്കട്ടെ. എനിക്കീ വീട്ടിലുള്ള എല്ലാവരോടും യാത്രപറഞ്ഞു പോകാൻ പാടില്ലെ? വലിയ കൊച്ചമ്മേ, ഞാൻ പോണു.

കാർത്ത്യായനി: (പ്രവേശിച്ച് ) വരട്ടെ. (കല്യാണിഅമ്മയോട് ) അമ്മെ, എനിക്ക് ആ മനുഷ്യനെ ഒറ്റയ്ക്ക് പറഞ്ഞയച്ചുകൂടാ.

കല്യാണിഅമ്മ: (പ്രക്ഷീണയായി) നീ നിന്റെ അനുജനെ നശിപ്പിക്കയാണോ?

കാർത്ത്യായനി: അമ്മേ, നിങ്ങൾ എന്നെ ഒരു രാജകുമാരിയാക്കി. ഒരു ദിവസംകൊണ്ട് നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞു. പക്ഷേ, എന്റെ ദേഹത്തിനേ അത് സ്വീകരിക്കാൻ കഴിഞ്ഞുള്ളു. മനസ്സ് മാറാൻ കൂട്ടാക്ക്ണില്യ.

ഉഷ: ഏടത്തീ, നിങ്ങൾക്കീ മനസ്സ് എവ്ട്ന്ന് കിട്ടി? ഇരുപത്തിമൂന്നുകൊല്ലം നിങ്ങളെ വളർത്തിയ അമ്മയില്ലെ. അവർക്കെതിരായിട്ട്? നിങ്ങൾ പെങ്ങളാണെന്നറിഞ്ഞപ്പോൾ സ്വന്തം ഭാര്യയെക്കൂടി ഗണിക്കാതെ നിങ്ങളെ സ്നേഹിക്കാനും ആദരിക്കാനും തുടങ്ങിയ ഈ അനുജന്നെതിരായിട്ട്?

കാർത്ത്യായനി: ഉഷക്ക് പലതും അറിഞ്ഞുകൂടാ. എന്റെ മനസ്സ് പൊളിച്ചുകാണിക്കാൻ സാധിച്ചാലേ ഇതിനൊക്കെ സമാധാനം കിട്ടൂ. അവിടെ ഇവർക്കൊക്കെ എതിരായിട്ട് തലപൊക്കാതെ നമസ്കരിച്ചുകിടക്കുന്ന എന്നെ കാണാം. പക്ഷേ, അതൊക്കെ ദയയ്ക്കു നേരെയാണ്. സ്നേഹം അതൊന്നുംകണ്ട് നിന്ന് പോവില്ല.

ഉഷ: ഏടത്തി അതൊന്നും പറയണ്ട. ഈ വീട്ടിലെ വാലിയക്കാരനെ സ്നേഹിക്കാൻ എന്തു ഗുണാ ഇയാൾക്കുള്ളത്, അധിക പ്രസംഗിത്തല്ലാതെ?

മാധവൻ: കൊച്ചമ്മേ, ആ അധികപ്രസംഗിയെക്കൊണ്ട് നിങ്ങൾക്കിനി ഒരു ദ്രോഹവും ഉണ്ടാവാൻ പോണില്യ. ചത്ത പാമ്പിനെ തല്ലണതെന്തിന്?

കാർത്ത്യയനി: ഉഷേ, ഞാൻ അമ്മയുടെ മകളാണെന്നറിഞ്ഞപ്പോഴാണ് എല്ലാവരും എന്നെ ആദരിക്കാൻ തുടങ്ങിയത്. മറിച്ച് വാലിയക്കാരത്തിയായി നില്ക്കുമ്പോഴും എന്നെ ആദരിക്കാനും സഹായിക്കാനും ഈ മനുഷ്യനൊരുങ്ങി. നിങ്ങൾക്കറിയില്ല, ഈ വീട്ടിലെ സ്വന്തം പണിമുഴുവനും എടുത്ത് പിന്നെഞാൻ ചെയ്യേണ്ട പണിയും ആരേയും അറിയിക്കാതെ തീർത്തുവെച്ചിരുന്ന ആളാണിത്. വാലിയക്കാരനാണെങ്കിലും ആണല്ലെ? എന്നിട്ടും സന്ധ്യയാവുമ്പഴക്ക് പണി പേറി തളർന്നിരുന്ന എന്നെ ഉറങ്ങാനയച്ചിട്ട്, വിഴുപ്പുതിരുമ്പലില്ലേ –ഞാനാണ് ചെയ്യണതെന്നാണല്ലോ വെപ്പ് , അതും കൂടി തന്നത്താൻ ചെയ്തിരുന്ന ആളാണ് ഇത്. ഇത്പോലെ ഒരഞ്ഞൂറു കൂട്ടം ഉണ്ട് ഈ പതിനൊന്നു കൊല്ലത്തിലിടക്ക്. ആ മനുഷ്യൻ വാലിയക്കാരനായാൽത്തന്നെ എന്താ?

(ഗംഗാധരമേനോൻ വരുന്നു. ആ രംഗത്തിലെ പന്തികേട് അനുഭവപ്പെട്ടതുപോലെ പരുങ്ങി നില്ക്കുന്നു.)

ഉഷ: ഏട്ടനൊന്ന് ഇവിടെ വരു. (അകത്തേക്ക് പോകുന്നു)

(ഗംഗാധരമേനോനും അകത്തു പോകുന്നു)

മാധവൻ: കാർത്തു, ഇവർ നിന്നെ എനിക്ക് കല്യാണം കഴിച്ചുതരും എന്നു വിചാരിച്ചാണോ നില്ക്കുന്നത്? ഞാൻ യാത്രപറഞ്ഞു കഴിഞ്ഞു.

കാർത്ത്യായനി: അമ്മേ, ഒരു പകൽ മാത്രമേ അമ്മക്ക് മകൾ ജീവിച്ചുള്ളു. എനി ഞാൻ മരിച്ചുപോയാല ത്തെപ്പോലെ എന്നെ ഓർമ്മിച്ചാൽ മതി

കല്യാണിഅമ്മ: കാർത്തു, നിന്നെപ്പറ്റി എനിക്ക് ക്ലേശമില്ല. നീ ആരുടെ കൂടെയായാലും സുഖമായിരിക്ക്. അമ്മക്കിനിയും കണ്ണീരേ ഗതിയുള്ളു. നിന്നെക്കുറിച്ചല്ല. എന്റെ ഗോപിയെക്കുറിച്ച്. അവനെ ഞാൻ നശിപ്പിച്ചു.

(ഗംഗാധരമേനോനും ഉഷയും പ്രവേശിക്കുന്നു)

ഗംഗാധരമേനോൻ: ഗോപീ, നീ എന്ത് ചെയ്യാൻ പോകുന്നു?

ഗോപിനാഥമേനോൻ: എനിക്ക് രണ്ട് കാര്യചെയ്യാനുള്ളു. ഒന്നുകിൽ ഇവന്റെ പല്ലടിച്ചുകൊഴിക്കുക അല്ലെങ്കിൽ എന്റെ പെങ്ങളെ പിടിച്ചുകൊടുക്കുക രണ്ടും ക്രൂരതയാവും. ഭേദം ആ ക്രൂരത എന്റെ നേർക്കുതന്നെ തിരിച്ചു പിടിക്കയാണ്. (എഴുന്നേറ്റ് അകത്തേക്കു പോകുന്നു)

ഗംഗാധരമേനോൻ: (ഉഷയോട്) അനുരജ്ഞനത്തിന്നു മാർഗ്ഗമില്ല. യുഗയുഗാന്തരങ്ങളായിട്ടുള്ള ധാരണകളെ മാറ്റാൻ മണിക്കൂറുകൾക്കു ശക്തിയില്ല. ഉഷേ, ഒന്നേ ചെയ്യാനുള്ളു. ദയാപൂർവ്വമായി പെരുമാറുക.

ഉഷ: നിങ്ങൾ രണ്ടാളുടെയും ക്ലബ്ബിലുള്ള സ്നേഹിതന്മാരോട് ഇനിയെന്ത് പറയും?

ഗംഗാധരമേനോൻ: വിവാഹം ചെയ്യാൻ നിശ്ചയിച്ച പോലെത്തന്നെ വേണ്ടെന്നു വെയ്ക്കാനുള്ള അധികാരം ഞാൻ വല്ലവർക്കും പണയപ്പെടുത്തീട്ടുണ്ടോ?

ഉഷ: ഇവിടെ ഏട്ടനല്ല വേണ്ടാന്ന് വെക്കണത്.

ഗംഗാധരമേനോൻ: പുരുഷന്നുള്ള എല്ലാ സ്വാതന്ത്ര്യവും ഒരു സ്ത്രീയ്ക്കുമുണ്ട്. അവളെന്നെ വേണ്ടെന്നു പറഞ്ഞു എന്ന് സ്നേഹിതന്മാരോട് തുറന്നു പറയുമ്പോൾ എന്റെ മുഖത്ത് കാണാൻ വയ്യാത്ത ഒരു ഭാവവും സ്ഫുരിക്കില്ല. (മാധവനോട്) മാധവാ, നിങ്ങൾ നിങ്ങളുടെ ഭാവിജീവിതത്തെപ്പറ്റി എന്താലോചിക്കുന്നു? അതെല്ലാം പ്ലാൻ ചെയ്തു കഴിഞ്ഞിരിക്കുന്നോ.

മാധവൻ: ഈ സ്ത്രീ എന്റെ കൂടെ വരാണെങ്കില് ഞങ്ങളൊന്നിച്ച് ഇപ്പോഴുള്ള വണ്ടിക്ക് എന്റെ വീട്ടിൽ പോകും എനിക്ക് വേറെ സ്ഥലത്ത് ജോലികിട്ടും എന്നുറപ്പുണ്ട്.

ഗംഗാധരമേനോൻ: തെറ്റിദ്ധരിക്കണ്ട. എന്റെ വക ഒഴിഞ്ഞ വീടുകളുണ്ട്. അതിലേതിലെങ്കിലും താമസിച്ചോളു. ഉപജീവിതത്തിന്ന് എന്തെങ്കിലും ബിസിനസ്സ് ഞാനേർപ്പെടുത്തിത്തരാം. അങ്ങനെ സോഷ്യലായി കുറേക്കൂടി നല്ല നിലയിൽ നിങ്ങൾക്ക് ജീവിക്കാം.

മാധവൻ: അതെല്ലാം ഭാഗ്യംതന്നെ. പക്ഷേ ഒരിക്കൽ ഇവളെ വിവാഹം ചെയ്യാമെന്നുദ്ദേശിച്ച ഒരാളോട് എനിക്ക് ആ സൗജന്യം വാങ്ങിക്കൂട. ഞങ്ങൾ അവിടത്തോട് നന്ദിപറയാം. (കാർത്ത്യായനിയോട്) വരു. ഏതാണ്ട് വണ്ടി സമയമായി.

കാർത്ത്യായനി: ഉഷേ, നിന്റെ ഭർത്താവിനോട്...(വാക്കുകിട്ടാതെ പൊട്ടിക്കരയുന്നു)

(കർട്ടൻ)